സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനുമപ്പുറം
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 സെപ്റ്റംബർ 22 വെള്ളി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

കാനഡയ്ക്ക് നമ്മളെ ആവശ്യമുണ്ട്, ഇന്ത്യൻ വിദ്യാർഥികൾ ആശങ്കപ്പെടേണ്ടതില്ല– ടി.പി ശ്രീനിവാസൻ

ഇന്ത്യ-കാനഡ നയതന്ത്രബന്ധത്തിലുണ്ടായ പ്രതിസന്ധിയിൽ വിദ്യാർഥികൾ ആശങ്കപ്പെടേണ്ടതില്ലെന്ന് മുൻ ഇന്ത്യൻ അംബാസിഡറും നയതന്ത്ര വിദഗ്ധനുമായ ടി.പി ശ്രീനിവാസൻ. ഖലിസ്താൻ ഭീകരവാദിയുടെ കൊലപാതകത്തെച്ചൊല്ലി കാനഡയിലെ പൗരർക്ക് വിസനൽകുന്നത് ഇന്ത്യ നിർത്തിവെച്ചിരുന്നു. ഇത് വലിയൊരുവിഭാഗം വിദ്യാർഥികളെ ആശങ്കയിലാഴ്ത്തി. എന്നാൽ, നിലവിലെ സാഹചര്യം വിദ്യാർഥികളെയാതൊരു തരത്തിലും ബാധിക്കുന്നതല്ലെന്ന് ടി.പി ശ്രീനിവാസൻ പറഞ്ഞു.

ഇന്ത്യ- കാനഡ നയന്ത്രബന്ധത്തിന് കനിഷ്ക വിമാനദുരന്തമുണ്ടായപ്പോൾ പോലും ഉലച്ചിൽ സംഭവിച്ചിട്ടില്ല. ഇരു രാജ്യങ്ങൾക്കിടയിൽ ഇതിന് മുൻപും അഭിപ്രായവ്യത്യാസമുണ്ടായിട്ടുണ്ട്. അതുകൊണ്ട് തന്നെ പുതിയ സാഹചര്യത്തിൽ വിദ്യാർഥികളോ ഇന്ത്യൻ കുടിയേറ്റക്കാരോ ആശങ്കപ്പെടേണ്ടതില്ലെന്നും അദ്ദേഹം വ്യക്തമാക്കി. നയതന്ത്രപ്രതിനിധികളെ പുറത്താക്കുന്നത് സാധാരണസംഭവമാണെന്നും ഡിപ്ലോമാറ്റിക് ഗെയിമായി കണ്ടാൽ മതിയെന്നും ടി.പി ശ്രീനിവാസൻ വ്യക്തമാക്കി

ജി-20 കഴിഞ്ഞയുടൻ തന്നെ ഇത്തരമൊരു സംഭവമുണ്ടായത് ദൗർഭാഗ്യകരമാണ്. ജസ്റ്റിൻ ട്രൂഡോയെ സംബന്ധിച്ച് ഇതൊരു വോട്ട് ബാങ്ക് രാഷ്ട്രീയം കൂടിയാണ്. തിരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ കാനഡയിലെ രണ്ട് ശതമാനം വരുന്ന സിഖ് വംശജരുടെ വോട്ട് ജസ്റ്റിൻ ട്രൂഡോയ്ക്ക് നിർണായകമാണ്. അതുകൊണ്ട് മാത്രമാണ് ഖലിസ്താൻ വിഷയത്തിൽ ട്രൂഡോ ഈ നിലപാടെടുത്തിരിക്കുന്നത്. ഖലിസ്താൻ വാദികളെ കാനഡ പിന്തുണയ്ക്കുന്നതിൽ ഇന്ത്യ നിരവധി തവണ എതിർപ്പറിയിച്ചിട്ടുള്ളതാണ്. ഇരുരാജ്യങ്ങളും ഒരുമിച്ച് പരിഹരിക്കേണ്ട വിഷയമാണിത്.

അതിന് പകരം മറ്റ് രാജ്യങ്ങളേയോ സംഘടനയെയോ വിഷയത്തിൽ ഇടപെടുത്താൻ ശ്രമിക്കുന്നത് സ്ഥിതി വഷളാക്കും. പലകാര്യങ്ങളിലും ഒരുമിച്ച് നിൽക്കുന്ന രാജ്യങ്ങളാണ് ഇന്ത്യയും കാനഡയും. സൗഹൃദരാജ്യങ്ങൾക്കിടയിലുണ്ടായ ചെറിയ പ്രതിസന്ധി എന്നതിന് പകരം ഇതൊരു അന്താരാഷ്ട്ര വിഷയമാക്കുന്നത് അഭികാമ്യമല്ലെന്നും ടി.പി ശ്രീനിവാസൻ പറഞ്ഞു.

കാനഡയിൽ നിലവിൽ 'ആന്റി ഇന്ത്യ' വികാരമില്ല. വിദ്യാർഥികൾ അവിടെ തുടരേണ്ടത് കാനഡയുടെ കൂടി ആവശ്യമാണ്, അതുകൊണ്ട് ആശങ്കപ്പെടേണ്ടതില്ലെന്നും ടി.പി ശ്രീനിവാസൻ വ്യക്തമാക്കി. ഇന്ത്യൻ വംശജരെ എക്കാലവും കാനഡ സ്വാഗതം ചെയ്തിട്ടുണ്ട്.

ഇന്ത്യൻ വിദ്യാർഥികൾക്ക് മാത്രമായി കാനഡ തുറന്നുകൊടുത്ത അവസരങ്ങൾ അതിന് തെളിവാണ്. ആ സമീപനം ഇനിയും തുടരാനാണ് സാധ്യത.അതുകൊണ്ട് തന്നെ അൽപസമയമെടുത്താലും ഇരുരാജ്യങ്ങളും തമ്മിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുമെന്നും ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുമെന്ന് വിശ്വസിക്കുന്നതായി അദ്ദേഹം വ്യക്തമാക്കി.

കാനഡയിലെ പൗരർക്ക് വിസനൽകുന്നത് നിർത്തിവെച്ച നടപടി മൊത്തത്തിൽ ബാധിക്കുന്നതാണ്. പഞ്ചാബിൽ നിന്നും മറ്റും പ്രതിഷേധമുയർന്ന് കഴിഞ്ഞു.

തീവ്രവാദ വിരുദ്ധപ്രവർത്തനത്തിന്റെ ഭാഗമായി കൂടുതൽ പരിഷ്കരണം നടപ്പിലാക്കും എന്ന പ്രഖ്യാപനമായിരുന്നു വേണ്ടിയിരുന്നത്. അധികം വൈകാതെ ഇന്ത്യ ആ നടപടി പിൻവലിക്കുമെന്നാണ് അറിയുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

ഖാലിസ്ഥാൻ നേതാവിന്റെ കൊലപാതകം

ഇന്ത്യൻ ഏജൻസികളുടെ പങ്കിന് തെളിവുണ്ടെന്ന് കാനഡ

ടൊറന്റോ: ഖാലിസ്ഥാൻ നേതാവ് ഹർദീപ് സിങ് നിജ്ജാറിന്റെ കൊലപാതകത്തിന് പിന്നിൽ ഇന്ത്യൻ ഏജൻസികളുടെ പങ്കിന് തെളിവുണ്ടെന്ന് കാനഡ. ഇതുമായി ബന്ധപ്പെട്ട് ഇന്ത്യൻ അധികൃതരും കാനഡയിലെ ഇന്ത്യൻ നയതന്ത്ര പ്രതിനിധികളുമായുള്ള ആശയവിനിമയം അടക്കമുള്ള തെളിവുകൾ തങ്ങളുടെ പക്കലുണ്ടെന്നാണ് കാനഡ സർക്കാർ വൃത്തങ്ങളെ ഉദ്ധരിച്ചുള്ള റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഇതുസംബന്ധിച്ച് രാജ്യാന്തര രഹസ്യാന്വേഷണ കൂട്ടായ്മയായ 'ഫൈവ് ഇയോർസ്' തെളിവ് നൽകിയെന്നാണ് കാനഡയുടെ അവകാശവാദം. നേരിട്ടും അല്ലാതെയുമാണ് വിവരങ്ങൾ ശേഖരിച്ചതെന്നും കാനഡ സർക്കാർ വൃത്തങ്ങളെ ഉദ്ധരിച്ചുള്ള റിപ്പോർട്ടിൽ പറയുന്നു.

കഴിഞ്ഞദിവസം നിജ്ജാറിന്റെ കൊലപാതകത്തിൽ ഇന്ത്യയ്ക്ക് പങ്കുണ്ടെന്ന ആരോപണം കാനഡ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ ആവർത്തിച്ചിരുന്നു. അന്താരാഷ്ട്ര നിയമങ്ങളെ അടിസ്ഥാനമാക്കിയുള്ള ഉത്തരവിൽ ഉറച്ചുനിൽക്കുന്നു. ഖാലിസ്ഥാൻ നേതാവ് ഹർദീപ് സിംഗ് നിജ്ജാറിനെ കൊലപ്പെടുത്തിയതിൽ ഇന്ത്യയുടെ പങ്കിനെക്കുറിച്ചുള്ള ആരോപണം ആവർത്തിക്കുന്നു. ആരോപണം ഉന്നയിക്കാൻ വിശ്വസനീയമായ കാരണങ്ങൾ ഉണ്ടെന്നും ട്രൂഡോ മാധ്യമങ്ങളോട് പറഞ്ഞു.'തിങ്കളാഴ്ച പറഞ്ഞതുപോലെ, കനേഡിയൻ മണ്ണിൽ ഒരു കനേഡിയൻ കൊല്ലപ്പെട്ടതിൽ ഇന്ത്യൻ ഗവൺമെന്റിന്റെ ഏജന്റുമാർ ഉൾപ്പെട്ടിട്ടുണ്ടെന്ന് വിശ്വസിക്കാൻ വിശ്വസനീയമായ കാരണങ്ങളുണ്ട്. രാജ്യത്തിന്റെ നിയമവാഴ്ചയ്ക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. ഞങ്ങൾക്ക് കർക്കശവും സ്വതന്ത്രവുമായ ജഡ്ജിമാരും നടപടികൾ സ്വീകരിക്കാൻ ശക്തമായ സംവിധാനങ്ങളുമുണ്ട്'-ട്രൂഡോ പറഞ്ഞു. നിജ്ജാറിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ഉയർത്തുന്ന ആരോപണ പ്രത്യാരോപണങ്ങൾ ഇന്ത്യ- കാനഡ ബന്ധം കൂടുതൽ മോശമാക്കുന്നതിനിടെയാണ്, കാനഡ നിലപാടിൽ ഉറച്ചു നിൽക്കുന്നുവെന്ന സൂചനകൾ വരുന്നത്. വിട്ടുവീഴ്ചയ്ക്കില്ലെന്ന തീരുമാനത്തിൽ ഇന്ത്യയും ഉറച്ചു നിൽക്കുകയാണ്.കാനഡയുമായുള്ള നയതന്ത്ര ബന്ധം വഷളായതിനു പിന്നാലെ കനേഡിയൻ പൗരൻമാർക്കു വിസ നൽകുന്നത് ഇന്ത്യ അനിശ്ചിതകാലത്തേക്കു നിർത്തിവച്ചിരുന്നു. ഇ-വിസ അടക്കം ഒരു തരത്തിലുള്ള വീസയും അനുവദിക്കില്ല. മൂന്നാമതൊരു രാജ്യം വഴിയും കനേഡിയൻ പൗരന്മാർക്ക് ഇന്ത്യൻ വിസ ലഭിക്കില്ല. സുരക്ഷാഭീഷണി മൂലം കാനഡയിലെ ഇന്ത്യൻ കോൺസുലേറ്റുകളുടെ പ്രവർത്തനം തടസ്സപ്പെട്ടതാണു വിസ നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ കാരണമെന്നു വിദേശകാര്യ വക്താവ് അരിന്ദം ബാഗ്ചി പറഞ്ഞു. നിലവിൽ വിസയുള്ളവർക്കും ഒസിഐ കാർഡ് ഉള്ളവർക്കും മറ്റും ഇന്ത്യയിലേക്കു യാത്ര ചെയ്യുന്നതിനു തടസ്സമില്ല.

ശബരിമല അന്നദാനം: അയ്യപ്പ സേവാസംഘത്തിന്റെ ഭിന്നത സുപ്രീം കോടതിയിലും; ഹർജികൾ വീണ്ടും മാറ്റി

ന്യൂഡൽഹി: ശബരിമലയിൽ അന്നദാനത്തിനുള്ള അനുമതി തേടി അഖില ഭാരത അയ്യപ്പ സേവാസംഘത്തിന്റെ ഭിന്നവിഭാഗങ്ങൾ സുപ്രീം കോടതിയെ സമീപിച്ചു. ഡി. വിജയകുമാർ ജനറൽ സെക്രട്ടറിയായ വിഭാഗവും കൊയ്യം ജനാർദ്ദനൻ ജനറൽ സെക്രട്ടറിയായ വിഭാഗവുമാണ് സുപ്രീം കോടതിയെ സമീപിച്ചത്. തങ്ങളാണ് യഥാർത്ഥ അയ്യപ്പ സേവാസംഘം എന്നാണ് ഇരുവിഭാഗങ്ങളും സുപ്രീം കോടതിയിൽ അവകാശപ്പെടുന്നത്.

ശബരിമലയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് അല്ലാതെ മറ്റാർക്കും അന്നദാനത്തിന് അനുമതി നൽകാൻ കഴിയില്ലെന്ന ഹൈക്കോടതി വിധിക്ക് എതിരെയാണ് അയ്യപ്പ സേവാസംഘത്തിന്റെ രണ്ട് വിഭാഗങ്ങൾ സുപ്രീം കോടതിയെ സമീപിച്ചിരിക്കുന്നത്. ശബരിമലയിലും പമ്പയിലും അന്നദാനത്തിന് അനുമതിതേടി ശബരിമല അയ്യപ്പ സേവാസമാജം എന്ന സംഘടന നൽകിയ ഹർജിയിലാണ് ഹൈക്കോടതി വിധി പ്രസ്താവിച്ചത്. അഖില ഭാരത അയ്യപ്പ സേവാ സംഘത്തിന് 2017-ൽ നൽകിയ അനുമതിയും ഹൈക്കോടതി റദ്ദാക്കിയിരുന്നു.

അയ്യപ്പ സേവാസംഘത്തിന്റെ ജനറൽ സെക്രട്ടറി ആയിരുന്ന എൻ. വേലായുധൻ നായരുടെ നിര്യാണത്തിന് ശേഷം സംഘടനയുടെ കേരള ഘടകത്തിൽ ഭിന്നത ഉടലെടുത്തിരുന്നു. ഇതിന് ശേഷം രണ്ട് വിഭാഗങ്ങളായാണ് സംഘടന പ്രവർത്തിക്കുന്നത്. ഡി. വിജയകുമാർ ജനറൽ സെക്രട്ടറിയായ വിഭാഗവും കൊയ്യം ജനാർദ്ദനൻ ജനറൽ സെക്രട്ടറിയായ വിഭാഗവും തങ്ങളാണ് യഥാർത്ഥ അയ്യപ്പ സേവാസംഘം എന്നാണ് അവകാശപ്പെടുന്നത്.

കൊയ്യം ജനാർദ്ദനൻ ജനറൽ സെക്രട്ടറിയായ വിഭാഗം നൽകിയ ഹർജി ജസ്റ്റിസ് അനിരുദ്ധ ബോസ് അധ്യക്ഷനായ ബെഞ്ച് ഇന്ന് പരിഗണിക്കാൻ ഇരിക്കെ ഡി. വിജയകുമാർ ജനറൽ സെക്രട്ടറി ആയ വിഭാഗം സുപ്രീം കോടതിയിൽ ഹർജി ഫയൽചെയ്യുക ആയിരുന്നു. തങ്ങളുടെ ഹർജിയും പരിഗണിക്കണമെന്ന് വിജയകുമാർ നേതൃത്വം നൽകുന്ന വിഭാഗത്തിനുവേണ്ടി ഹാജരായ അഭിഭാഷക ശോഭ രാമമൂർത്തി ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചിന് മുമ്പാകെ ആവശ്യപ്പെട്ടു. ഈ ആവശ്യം ജസ്റ്റിസ് അനിരുദ്ധ ബോസ് അധ്യക്ഷനായ ബെഞ്ചിന് മുമ്പാകെ ഉന്നയിക്കാൻ ചീഫ് ജസ്റ്റിസ് നിർദേശിച്ചു.

തുടർന്ന് കൊയ്യം ജനറൽ സെക്രട്ടറിയായ വിഭാഗം നൽകിയ ഹർജി ജസ്റ്റിസ് അനിരുദ്ധ ബോസ് അധ്യക്ഷനായ ബെഞ്ച് പരിഗണിക്കാൻ ആരംഭിച്ചപ്പോൾ ശോഭ രാമമൂർത്തി തങ്ങളുടെ ഹർജിയും കേൾക്കണമെന്ന് ആവശ്യം ഉന്നയിക്കുകയായിരുന്നു. ഇതേത്തുടർന്ന് രണ്ട് ഹർജികളും അടുത്ത ചൊവ്വാഴ്ച്ച പരിഗണിക്കാനായി സുപ്രീം കോടതി മാറ്റി. കൊയ്യം ജനാർദ്ദനൻ ജനറൽ സെക്രട്ടറിയായ വിഭാഗത്തിനുവേണ്ടി സീനിയർ അഭിഭാഷകൻ വി. ചിദംബരേഷ്, അഭിഭാഷക ആനി മാത്യു എന്നിവരാണ് സുപ്രീം കോടതിയിൽ ഹാജരാകുന്നത്.

ലോക് സഭ തെരഞ്ഞെടുപ്പ്: കമൽ ഹാസൻ കോയമ്പത്തൂരിൽ നിന്ന് മത്സരിക്കും

ചെന്നൈ: 2024ലെ ലോക്സഭ തെരഞ്ഞെടുപ്പിൽ കോയമ്പത്തൂരിൽ നിന്ന് മത്സരിക്കുമെന്ന് നടൻ കമൽ ഹാസൻ. കോയമ്പത്തൂരിൽ നിന്ന് മികച്ച പിന്തുണയാണ് ലഭിക്കുന്നതെന്നും കമൽ ഹാസൻ വ്യക്തമാക്കി.

മക്കൾ നീതി മയ്യം യോഗത്തിലാണ് കമൽ ഹാസൻ മത്സരിക്കുന്നത് സംബന്ധിച്ച് തീരുമാനം വന്നത്. ലോക്സഭ തെരഞ്ഞെടുപ്പിൽ ഒറ്റക്ക് മത്സരിക്കണോ സഖ്യമുണ്ടാക്കണമോ എന്നതും യോഗം ചർച്ച ചെയ്തു.

2021ൽ കോയമ്പത്തൂർ സൗത്ത് അസംബ്ലി മണ്ഡലത്തിൽ മത്സരിച്ച കമൽ ബി.ജെ.പിയുടെ വാനതി ശ്രീനിവാസനോട് നേരിയ വോട്ടിനാണ് പരാജയപ്പെട്ടത്.

കോയമ്പത്തൂർ ജില്ലയിലെ മറ്റ് നിയമസഭ മണ്ഡലങ്ങളിലും മക്കൾ നീതി മയ്യം അന്ന് ഗണ്യമായ വോട്ടുകൾ നേടിയിരുന്നു. 2018 ലാണ് കമൽ മക്കൾ നീതി മയ്യം സ്ഥാപിച്ചത്.

അരുണാചലിൽ നിന്നുള്ള താരങ്ങളെ ഏഷ്യൻ ഗെയിംസിൽനിന്ന് വിലക്കി ചൈന; സന്ദർശനം റദ്ദാക്കി കേന്ദ്രമന്ത്രി

ന്യൂഡൽഹി: ഏഷ്യൻ ഗെയിംസ് വേദിയായ ചൈനയിലേക്കുള്ള ഔദ്യോഗിക സന്ദർശനം റദ്ദാക്കി കേന്ദ്ര വാർത്താവിതരണ-കായിക വകുപ്പ് മന്ത്രി അനുരാഗ് ഠാക്കൂർ. അരുണാചലിൽ നിന്നുള്ള കായിക താരങ്ങൾക്ക് ചൈന പ്രവേശനം നിഷേധിച്ച പശ്ചാത്തലത്തിൽ പ്രതിഷേധ സൂചകമായാണ് മന്ത്രി സന്ദർശനം റദ്ദാക്കിയത്.

അരുണാചലിൽ നിന്നുള്ള മൂന്നു വുഷു താരങ്ങൾക്കാണ് ചൈന ഏഷ്യൻ ഗെയിംസിലേക്കുള്ള പ്രവേശനം നിഷേധിച്ചത്. ഇന്ത്യൻ വുഷു ടീമിലെ ബാക്കി ഏഴു താരങ്ങളും ചൈനയിലെത്തിയിട്ടുണ്ട്. ചൈനയുടെ നടപടി വിവേചനപരമാണെന്നും ഇന്ത്യൻ പൗരന്മാരോട് ഒരു തരത്തിലുള്ള വംശീയവിവേചനവും രാജ്യം അനുവദിക്കില്ലെന്നും ഇന്ത്യൻ വിദേശകാര്യവക്താവ് അരിന്ദം ബാഗ്ചി വ്യക്തമാക്കി. ചൈനയുടെ നടപടി ഏഷ്യൻ ഗെയിംസിന്റെ ആവേശം കെടുത്തുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രവേശനം നിഷേധിച്ച മൂന്നു കായികതാരങ്ങളും നിലവിൽ ഡൽഹിയിലെ സ്പോർട്സ് അതോറിറ്റിയുടെ ഹോസ്റ്റലിലാണ്. വിഷയത്തിൽ ഏഷ്യൻ ഗെയിംസ് സംഘാടകരോടും ഏഷ്യൻ ഒളിമ്പിക്സ് കൗൺസിലിനോടും ചർച്ച നടത്താനുള്ള നീക്കത്തിലാണ് ഇന്ത്യ.

എന്നാൽ, ഏഷ്യൻ ഗെയിംസ് ആതിഥേയത്വം വഹിക്കുന്ന രാജ്യമെന്ന നിലയിൽ എല്ലാ രാജ്യത്തെയും താരങ്ങളെയും സ്വാഗതം ചെയ്യുന്നുവെന്നും നിയമപരമായ രേഖകളുള്ള എല്ലാവർക്കും പ്രവേശനം നൽകുമെന്നുമാണ് വിവാദത്തിൽ ചൈനയുടെ പ്രതികരണം. അരുണാചൽ പ്രദേശ് എന്നു വിളിക്കപ്പെടുന്ന സ്ഥലം അറിയില്ലെന്നും ദക്ഷിണ ടിബറ്റ് എന്നറിയപ്പെടുന്ന മേഖല തങ്ങളുടെ അതിർത്തിപ്രദേശമാണെന്നുമാണ് ചൈനയുടെ വാദം.

സർക്കാരിനെതിരെ കള്ള പ്രചാരവേല നടക്കുന്നു, കരുവന്നൂരിൽ കൃത്യമായി ഇടപെട്ടു; എം. വി. ഗോവിന്ദൻ

തിരുവനന്തപുരം: സർക്കാരിനും മുഖ്യമന്ത്രിക്കും കുടുംബാംഗങ്ങൾക്കും നേരെ കള്ള പ്രചാരവേല നടക്കുന്നെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. എല്ലാം പാർട്ടി പരിശോധിച്ചെന്നും അദ്ദേഹം പറഞ്ഞു.

സഹകരണ മേഖലയെ തകർക്കാനുള്ള കരുവായി കരുവന്നൂരിനെ മാറ്റരുത്. കരുവന്നൂരിൽ കേരള സർക്കാർ ഫലപ്രദമായ അന്വേഷണം നടത്തിയിട്ടുണ്ട്. പ്രശ്നത്തിന്റെ കാരണക്കാർ പാർട്ടി നേതൃത്വമാണ് എന്ന് വരുത്താൻ ശ്രമം നടക്കുന്നുണ്ട്. അപൂർവ സ്ഥലങ്ങളിൽ മാത്രമാണ് ക്രമക്കേട് നടക്കുന്നത്. നഷ്ടപ്പെട്ട പണം തിരിച്ചുപിടിക്കാൻ ആവശ്യമായ ഫലപ്രദമായ ഇടപെടൽ നടക്കുന്നുണ്ട്. ഒന്നും മറച്ചു വെക്കാനില്ലെന്നും ഇഡി നിലപാട് ജനാധിപത്യവിരുദ്ധമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എ.സി മൊയ്തീനെതിരെ ഒരു തെളിവുമില്ലെന്നും എന്നാൽ തെളിവുണ്ടാക്കാൻ വേണ്ടി ചിലരെ ചോദ്യം ചെയ്യുകയാണെന്നും അദ്ദേഹം ആരോപിച്ചു. എ.സി മൊയ്തീൻ ചാക്കിൽ കെട്ടി പണം കൊണ്ടുപോകുന്നത് കണ്ടു എന്ന് പറയണമെന്ന് ഇ.ഡി ആവശ്യപ്പെട്ടു. ഉത്തരേന്ത്യയിൽ നിന്ന് വന്ന ഉദ്യോഗസ്ഥരുടെ ഇടപെടലാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിൻറെ വികസനത്തിന് വലിയ സംഭാവന നൽകിയതാണ് സഹകരണ മേഖല. മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള എല്ലായിടങ്ങളിലും സഹകരണ മേഖല ഇടപെടുന്നുണ്ട്.സഹകരണ മേഖലയെ കൈപ്പിടിയിൽ ഒതുക്കാൻ കേന്ദ്ര ശ്രമിക്കുന്നുണ്ടെന്നും സുപ്രീംകോടതിയുടെ ഇടപെടൽ കൊണ്ടാണ് സഹകരണ മേഖല പിടിച്ചുനിന്നതെന്നും അദ്ദേഹം പറഞ്ഞു.

വയനാട്ടിൽ നിന്ന് ജോലിക്ക് പോയ ആദിവാസി യുവാവ് കുടകിൽ മരിച്ച നിലയിൽ

കൽപ്പറ്റ: വയനാട്ടിൽ നിന്ന് ജോലിക്ക് പോയ യുവാവിനെ കർണാടകയിലെ കുടകിൽ മരിച്ച നിലയിൽ കണ്ടെത്തി. ബാവലി സ്വദേശിയായ ഷാണമംഗലം കോളനിയിലെ എം.എസ്. ബിനീഷ് (36) ആണ് മരിച്ചത്.

നാല് ദിവസം മുമ്പാണ് ബിനീഷ് കുടകിൽ ജോലിക്ക് പോയത്. ഇയാൾ കുളത്തിൽ മുങ്ങി മരിച്ചെന്ന് ഇന്നലെ ബന്ധുക്കൾക്ക് വിവരം ലഭിച്ചിരുന്നു. എന്നാൽ ഇയാളുടെ ശരീരത്തിൽ മുറിവുകൾ ഉണ്ടായിരുന്നെന്നും മുങ്ങി മരിക്കാനുള്ള ആഴം പുഴക്ക് ഉണ്ടായിരുന്നില്ലെന്നും കുടുംബം ആരോപിച്ചു. എന്നാൽ ഇത് ഞണ്ട് കടിച്ചുണ്ടായ മുറിവാണെന്നാണ് പൊലീസ് പറയുന്നത്. സംഭവത്തിൽ സമഗ്രമായ അന്വേഷണം വേണമെന്ന് കുടുംബം ആവശ്യപ്പെട്ടു.

പോസ്റ്റ്മോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടു നൽകിയ മൃതദേഹം ഇന്ന് സംസ്കരിച്ചു. ഷാണമംഗലം കോളനിയിലെ മാധവന്റെയും സുധയുടേയും മകനാണ്.

സഹോദരങ്ങൾ മനോജ്, ചന്ദ്രൻ, നീതു, നിഷ.

വയനാട്ടിൽ നിന്ന് കർണാടകയിലേക്ക് ജോലിക്കുപോയ മറ്റ് മൂന്ന് ആദിവാസികളും അടുത്തിടെ ദുരൂഹസാഹചര്യത്തിൽ മരിച്ചിരുന്നു. കുടകിലെ ആദിവാസി മരണങ്ങളുമായി ബന്ധപ്പെട്ട് മീഡിയവൺ അന്വേഷണ റിപ്പോർട്ടിനു പിന്നാലെയാണ് വിഷയം സമൂഹശ്രദ്ധയിലെത്തിയത്. ആദിവാസികളുടെ മരണങ്ങൾ സംബന്ധിച്ച് സമഗ്രാന്വേഷണം നടത്താനോ നിലവിലുള്ള നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനോ ജില്ലാ ഭരണകൂടവും നിയമപാലകരും ഒരു നടപടിയും സ്വീകരിക്കുന്നില്ലെന്നാണ് എ.പി.സി.ആർ വസ്തുതാന്വേഷണ സംഘം കണ്ടെത്തിയിരിക്കുന്നത്.ജൂണിൽ പുൽപ്പള്ളി പാളക്കൊല്ലി കോളനിയിലെ ശേഖരൻ, ജൂലൈയിൽ നെന്മേനി കായൽക്കുന്ന് കോളനിയിലെ സന്തോഷ് എന്നിവർ മരിച്ചിരുന്നു.

തിരുനെല്ലി കാളിന്ദി കോളനിയിലെ അരുണിനെ മാസങ്ങളായിട്ടും കണ്ടെത്തിയിട്ടില്ല. മരിച്ച ശേഖരന്റെ ശരീരത്തിൽ ഐ.സി.യുവിൽ പ്രവേശിപ്പിക്കുമ്പോൾ ഇല്ലാതിരുന്ന ആഴത്തിലുള്ള മുറിവുകൾ ചൂണ്ടിക്കാട്ടി കുടകിലെത്തുന്ന ആദിവാസികളെ ലക്ഷ്യംവച്ച് അവയവക്കച്ചവട മാഫിയ പ്രവർത്തിക്കുന്നുണ്ടോ എന്ന സംശയവും സംഘം ഉയർത്തി.

ബംഗാൾ ഉൾക്കടലിൽ വീണ്ടും ന്യൂനമർദ്ദം രൂപപ്പെടുന്നു, ചുഴലിക്കാറ്റായി മാറാൻ സാധ്യത: മുന്നറിയിപ്പ്

തിരുവനന്തപുരം: ബംഗാൾ ഉൾക്കടലിൽ വീണ്ടും ന്യൂനമർദ്ദം രൂപപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകുന്നു. ഈ മാസം 28 ഓടെ രൂപപ്പെടുന്ന ന്യൂനമർദ്ദം ആന്തമാൻ നിക്കോബാർ ദ്വീപ് സമൂഹങ്ങൾക്ക് സമീപത്തായാണ് രൂപപ്പെടുക. പിന്നീട് വടക്കുപടിഞ്ഞാറൻ ദിശയിലേക്ക് സഞ്ചരിക്കുന്ന ഇത് ചുഴിക്കാറ്റായി രൂപാന്തരം പ്രാപിക്കുമെന്നും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിക്കുന്നു. അതിനാൽ തന്നെ സംസ്ഥാനത്ത് വരും ദിവസങ്ങളിലും സജീവമായി മഴ ലഭിക്കാനുള്ള സാധ്യതയിലേക്കാണ് ഈ സാഹചര്യം വിരൽചൂണ്ടുന്നത്.

സുരേഷ് ഗോപിയെ അധ്യക്ഷനായി വേണ്ട: പ്രസ്താവനയുമായി സത്യജിത്ത് റേ ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാർഥികൾ

ന്യൂഡൽഹി: അഭിപ്രായം ചോദിക്കാതെ സത്യജിത്ത് റേ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് അധ്യക്ഷനായി നിയമിച്ചതിൽ മുൻ എംപിയും നടനുമായ സുരേഷ് ഗോപി അതൃപ്തനാണെന്ന റിപ്പോർട്ടുകൾക്കിടെ, സുരേഷ് ഗോപിയെ അധ്യക്ഷനാക്കിയതിൽ പ്രതിഷേധവുമായി സ്ഥാപനത്തിലെ വിദ്യാർഥികളും. സുരേഷ് ഗോപിയെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അധ്യക്ഷനാക്കിയ തീരുമാനത്തെ എതിർക്കുന്നതായി വിദ്യാർഥി യൂണിയൻ പുറത്തിറക്കിയ പ്രസ്താവനയിൽ വ്യക്തമാക്കി. ഹിന്ദുത്വ ആശയവുമായും ബിജെപിയുമായുമുള്ള സുരേഷ് ഗോപിയുടെ ബന്ധമാണ് എതിർപ്പിനു പിന്നിലെന്നും പ്രസ്താവനയിൽ വ്യക്തമാക്കിയിട്ടുണ്ട്.

രാജ്യത്തിന്റെ മതേതര കാഴ്ചപ്പാടിനു ഭീഷണിയാകുന്ന പ്രസ്താവനകൾ നടത്തിയിട്ടുള്ള വ്യക്തിയാണ് സുരേഷ് ഗോപി. ധ്രുവീകരണത്തിന്റെ പേരിൽ വിമർശിക്കപ്പെടുന്ന ഒരു രാഷ്ട്രീയ പാർട്ടിയുമായി ചേർന്നുനിൽക്കുന്ന വ്യക്തിയെന്ന നിലയിൽ, ഇൻസ്റ്റിറ്റ്യൂട്ട് എക്കാലവും ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളിൽ വിട്ടുവീഴ്ച ചെയ്തേക്കാമെന്ന ആശങ്കയും പ്രസ്താവനയിൽ പങ്കുവയ്ക്കുന്നു.സുരേഷ് ഗോപിയെ അധ്യക്ഷനായി നിയമിച്ചത് സ്ഥാപനത്തിന്റെ സൽപ്പേരിനെയും, വ്യത്യസ്ത പശ്ചാത്തലങ്ങളിൽ നിന്നുള്ള വിദ്യാർഥികൾക്ക് തുല്യമായ ഇടം നൽകി ഒരുമിച്ചു വളരാൻ അവസരം നൽകുന്ന സ്ഥാപനത്തിന്റെ മികവിനെയും ബാധിക്കുമെന്നും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സത്യജിത്ത് റേ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഇതുവരെ ഉയർത്തിപ്പിടിച്ച മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്ന വ്യക്തിയെയാണ് സ്ഥാപനത്തിന്റെ അധ്യക്ഷനായി വേണ്ടതെന്നും വിദ്യാർഥികൾ ആവശ്യപ്പെടുന്നു. മൂന്നു വർഷത്തെ കാലയളവിലാണ് സുരേഷ് ഗോപിയെ ഇൻസ്റ്റിറ്

പരീക്ഷ കഴിഞ്ഞ് ബൈക്കിൽ മടങ്ങുന്നതിനിടെ ബസ് ഇടിച്ചു തെറിപ്പിച്ചു; കോളജ് വിദ്യാർത്ഥിനി മരിച്ചു

കൊച്ചി: പരീക്ഷ കഴിഞ്ഞ് മടങ്ങിയ കോളജ് വിദ്യാർത്ഥിനി സ്വകാര്യ ബസ്സിടിച്ച് മരിച്ചു. ആലുവ കീഴ്മാട് ഇരുമ്പനത്ത് വീട്ടിൽ ജിസ്മിയാണ് (19) മരിച്ചത്.

പറവൂർ മാല്യങ്കര എസ്എൻഎം കോളജിൽ പരീക്ഷ എഴുതിയ ശേഷം ബൈക്കിൽ കയറി മടങ്ങാൻ ഒരുങ്ങുന്നതിനിടെയാണ് അപകടമുണ്ടായത്. ബസ്സിടിച്ച് ജിസ്മി തൽക്ഷണം മരിച്ചു. ബൈക്കോടിച്ച ബന്ധുവും സഹപാഠിയുമായ ഇമ്മാനുവൽ പരിക്കുകളോട് രക്ഷപ്പെട്ടു.

അയ്യമ്പിള്ളി റാംസ് കോളജിന്റെ സബ് സെന്ററായ ആർഇസി സെന്ററിലെ രണ്ടാം വർഷ ബികോം വിദ്യാർത്ഥിനിയാണ് ജിസ്മി.

പരീക്ഷാകേന്ദ്രം മാല്യങ്കര കോളജിലായിരുന്നു. പരീക്ഷ എഴുതിയ ശേഷം ഇരുവരും കോളജിൽ നിന്നിറങ്ങി കോളജ് കവാടത്തിനടുത്തുള്ള ബസ് സ്റ്റോപ്പിനു സമീപം വച്ചിരുന്ന ബൈക്കിൽ കയറാൻ ഒരുങ്ങുമ്പോൾ മൂത്തകുന്നം ഭാഗത്തു നിന്ന് അതിവേഗത്തിൽ വന്ന സൗപർണിക ബസ് ഇടിച്ചുതെറിപ്പിക്കുകയായിരുന്നു. ജിസ്മി ബസ്സിന് അടിയിലേക്കാണ് തെറിച്ചുവീണത്.

ചക്രം കയറിയിറങ്ങി തൽക്ഷണം മരിക്കുകയായിരുന്നു. ധരിച്ചിരുന്ന ഹെൽമറ്റ് പൊട്ടിത്തകർന്നു. തെറിച്ചുവീണ ഇമ്മാനുവലിനെ നിസ്സാര പരിക്കുകളോടെ മൂത്തകുന്നം ഗവ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

നിപയെ ഒരു സാധ്യതയായി കാണരുത്, ആരോഗ്യമന്ത്രി വിവരമില്ലാത്ത വ്യക്തി; വിമർശനവുമായി കെ.എം ഷാജി

മലപ്പുറം: നിപയെക്കുറിച്ച് എന്ത് ശാസ്ത്രീയ റിപ്പോർട്ടാണ് സർക്കാരിന്റെ പക്കലുള്ളതെന്ന് മുസ്ലീം ലീഗ് നേതാവ് കെ.എം. ഷാജി. ദയവ് ചെയ്ത് മുഖ്യമന്ത്രിയും സി.പി.എമ്മും നിപയെ ഒരു സാധ്യതയായി കാണരുതെന്നും അദ്ദേഹം പറഞ്ഞു.

വലിയ പ്ര?ഗത്ഭയൊന്നുമല്ലെങ്കിലും കെ.കെ ശൈലജയ്ക്ക് കാര്യങ്ങൾ ഏകോപിപ്പിച്ച് കൊണ്ടുപോകാനുള്ള കഴിവുണ്ടായിരുന്നു. എന്നാൽ നിലവിലെ ആരോഗ്യമന്ത്രിയുടെ യോഗ്യത എന്താണ്. നല്ല പ്രസംഗത്തിന് നൽകിയ സമ്മാനമാണ് വീണാ ജോർജിന്റെ മന്ത്രിപദവി. ഒരു വിവരവുമില്ലാത്ത വ്യക്തിയാണ് നിലവിൽ കേരളത്തിന്റെ ആരോഗ്യവകുപ്പിന്റെ തലപ്പത്തുള്ള ഈ മന്ത്രി. എന്ത് മാറ്റമാണ് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഉണ്ടായിട്ടുള്ളതെന്നും അദ്ദേഹം ചോദിച്ചു.

നിപ എന്ന് പറഞ്ഞാൽ ഓർമ വരുക വവ്വാലിനെയാണ്. ദുരന്തം എന്ന് പറഞ്ഞാൽ ഓർമ വരുന്നത് മുഖ്യമന്ത്രിയേും. ഏഴ് മാസത്തിന് ശേഷം മാധ്യമങ്ങളെ കണ്ട മുഖ്യമന്ത്രി ഒറ്റ ചോദ്യത്തിന് കൃത്യമായ മറുപടി പറഞ്ഞില്ലെന്നും ഷാജി കുറ്റപ്പെടുത്തി.നിങ്ങൾക്ക് ദുരന്തം എന്ന് കേൾക്കുമ്പോൾ സന്തോഷമാണ്. പിരിവ് എടുക്കാൻ പറ്റിയ പണിയാണ്. ആളുകളെ ബുദ്ധിമുട്ടിക്കാം. ജനങ്ങളെ പേടിപ്പിച്ച് നിർത്താം. വൈകുന്നേരം വന്ന് മുഖ്യമന്ത്രിക്ക് പത്രസമ്മേളനം നടത്താൻ പറ്റിയ പണിയാണ്. പിന്നെ മകൾക്കും മകനും മോഷ്ടിക്കാം. അതിനിടയിലൂടെ നിപയും മറ്റും വന്ന് പോകും, ഷാജി പറഞ്ഞു.

ഇൻകൽ സോളാർ പദ്ധതിയുടെ മറവിൽ വൻ അഴിമതി

കെഎസ്ഇബിക്ക് നഷ്ടം 11 കോടി

കൊച്ചി: ഇൻകലിൽ നടന്ന കറൻറ് കോഴയ്ക്ക് കെഎസ്ഇബിയുടെയും മൗനസമ്മതം. മൂന്ന് വർഷമായി ഇൻകൽ കരാർ ലംഘനം നടത്തിയിട്ടും കോഴ ഇടപാട് പുറത്തുവന്നിട്ടും കെഎസ്ഇബി ഇടപെട്ടില്ല. അഴിമതിയെ തുടർന്ന് 11 കോടി രൂപയാണ് കെഎസ്ഇബിക്ക് നഷ്ടം. തൻറെ വ്യാജ ഒപ്പിട്ട് സ്വകാര്യ കമ്പനിക്ക് ഉപകരാർ കൊടുത്തതിൽ ഉന്നത തല അന്വേഷണം വേണമെന്ന് ഇൻകൽ മുൻ എംഡി വേണുഗോപാൽ ആവശ്യപ്പെട്ടു.

2020 ജനുവരി 15നാണ് കെഎസ്ഇബി ഇൻകലുമായി കരാർ ഒപ്പിടുന്നത്. കോഴ ഇടപാടിൽ ഇപ്പോൾ സസ്പെൻഷൻ നേരിടുന്ന ജനറൽ മാനേജർ സാംറൂഫസാണ് ഇൻകലിന് വേണ്ടി കെഎസ്ഇബിയുമായി അന്ന് കരാർ ഒപ്പിടുന്നത്. മറ്റാർക്കും കൈമാറാതെ 8മെഗാവാട്ട് പദ്ധതി ഇൻകൽ തന്നെ പൂർത്തിയാക്കണമെന്നാണ് ഉടമ്പടി. ഈ കരാർ ഒപ്പിട്ട് ആറാം മാസമാണ് ഇതിൽ ഏഴ് മെഗാവാട്ട് സൗരോർജ്ജ പദ്ധതി ഇൻകൽ തമിഴ്നാട് കമ്പനിക്ക് ഉപകരാറായി മറിച്ച് വിൽക്കുന്നത്. കരാറിലെ ആറാം പേജിൽ ആർട്ടിക്കിൾ എട്ടിൻറെ ലംഘനം നടന്നു.

മൂന്ന് കൊല്ലമായി കഞ്ചിക്കോടും, ബ്രഹ്മപുരത്തും കെഎസ്ഇബിയുടെ സ്വന്തം ഭൂമിയിൽ റിച്ച് ഫൈറ്റോക്കെയർ പ്ലാൻറ് പ്രവർത്തിപ്പിക്കുമ്പോഴും കെഎസ്ഇബി അനങ്ങിയില്ല.കോഴയായി പൊതുപണം നഷ്ടപ്പെടുന്നത് ചൂണ്ടിക്കാട്ടി മുഖ്യമന്ത്രിക്കടക്കം പരാതി പോയതാണ്. അന്നും വൈദ്യുതി വകുപ്പ് കരാർ റദ്ദാക്കിയില്ല. കള്ളക്കരാറിലും കോഴയിലും ഇൻകലിനെ കരിമ്പട്ടികയിൽ പെടുത്തേണ്ട കുറ്റകൃത്യത്തിൽ മൂന്ന് കൊല്ലമായി ഇൻകലിന് സംരക്ഷണം.

വൈദ്യുതി മന്ത്രി കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്ത കൃഷ്ണകുട്ടിയുടെ സ്വന്തം ജില്ലയിലെ സോളാർ പാടമാണ് പിന്നീട് കോടികൾ കൊയ്യുന്ന കോഴപ്പാടമായി മാറിയത്. തമിഴ്നാട് കമ്പനി റിച്ച് ഫൈറ്റോകെയറുമായി ഇൻകെൽ ഉപകരാർ ഒപ്പിടുന്നത് 2020 ജൂൺ 15നാണ്. എന്നാൽ ഈ കരാറിൽ ഒപ്പിട്ടതായി കാണുന്നത് മുൻ എംഡി കെ വേണുഗോലിന്റെ പേരാണ്. എന്നാൽ കരാർ ഒപ്പിട്ട് താനല്ലെന്നും തൻറെ കള്ള ഒപ്പാണ് കരാറിലുള്ളതെന്നും വേണുഗോപാൽ വെളിപ്പെടുത്തിയിട്ടും ഇൻകലിനെതിരെ അന്വേഷണമില്ല.

ഇൻകൽ പ്രഖ്യാപിച്ച ആഭ്യന്തര അന്വേഷണവും ഇഴയുകയാണ്. ഇന്നലെ വരെ കമ്മീഷനിക്കാൻ കൂട്ട് നിന്നവർ ഇന്ന് അങ്ങോട്ടും ഇങ്ങോട്ടും മാറി അന്വേഷിക്കേണ്ട ഇൻകലിൻറെ ആഭ്യന്തരകാര്യമല്ല ഈ കറണ്ട് കോഴ. വ്യാജ ഒപ്പിൽ ഫോറൻസിക്ക് പരിശോധന വേണം പൊതു പണം നഷ്ടപ്പെട്ടതിൽ വിജിലൻസ് അന്വേഷണവും.

മകനേയും പേരക്കുട്ടിയേയും പെട്രോളൊഴിച്ച് തീ കൊളുത്തി കൊന്നു: പിതാവും മരിച്ചു



തൃശൂർ: മണ്ണുത്തിയിൽ മകനേയും പേരക്കുട്ടിയേയും തീകൊളുത്തി കൊലപ്പെടുത്തിയ പിതാവ് കൊട്ടേക്കാടൻ ജോൺസൺ(68) മരിച്ചു. വിഷം കഴിക്കുകയും ഗുരുതരമായി പെള്ളലേൽക്കുകയും ചെയ്തതിനെത്തുടർന്നു ഇയാൾ ഗവ. മെഡിക്കൽ കോളജിൽ ഒരാഴ്ചയായി ചികിത്സയിലായിരുന്നു.

കഴിഞ്ഞ 14നാണ് ഇയാൾ മകനേയും കുടുംബത്തേയും പെട്രോളൊഴിച്ച് തീയിട്ടത്. തുടർന്ന് മകൻ ജോജി (38), പേരക്കുട്ടി തെൻഡുൽക്കർ (12) എന്നിവർ മരിക്കുകയും മരുമകൾ ലിജിക്കു (32) ഗുരുതരമായി പൊള്ളലേൽക്കുകയും ചെയ്തു. കുടുംബം ഉറങ്ങിക്കിടന്നിരുന്ന മുറിയിലേക്ക് ജനാല വഴി ജോൺസൺ പെട്രോൾ ഒഴിച്ച് തീയിടുകയായിരുന്നു. കുടുംബപ്രശ്നമായ ക്രൂരകൊലപാതകത്തിന് കാരണമായത്.

സംഭവത്തിന് ശേഷം നാട്ടുകാരും പോലീസും നടത്തിയ തിരച്ചിലിൽ വിഷം കഴിച്ച് അവശനിലയിൽ ജോണസനെ വീടിന്റെ ടെറസിൽ നിന്നും കണ്ടെത്തുകയായിരുന്നു. തൃശൂർ ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണു മരിച്ചത്.

പാറശാലയിൽ സ്കൂൾ വിദ്യാർഥിയുടെ കൈ തല്ലിയൊടിച്ചു; സഹപാഠികൾക്കെതിരെ പരാതി

തിരുവനന്തപുരം: പാറശാലയിൽ സ്കൂൾ വിദ്യാർഥിയുടെ കൈ തല്ലിയൊടിച്ചു. പാറശാല ജിഎച്ച്എസ്എസ് ഒൻപതാം ക്ലാസ് വിദ്യാർഥി കൃഷ്ണകുമാറിനാണ് മർദ്ദനമേറ്റത്. വിദ്യാർഥികൾ തമ്മിലുള്ള സംഘർഷത്തിലാണ് മർദ്ദനമെന്നാണ് പരാതി.

ഇന്നലെ വൈകീട്ട് മൂന്ന് മണിയോടെയാണ് സംഭവം. ഉച്ചയ്ക്ക് സ്കൂളിൽ വച്ച് രണ്ടുവിദ്യാർഥികൾ തമ്മിൽ പ്രശ്നം ഉണ്ടായി. ക്ലാസ് ലീഡർ എന്ന നിലയിൽ കൃഷ്ണകുമാർ വിഷയത്തിൽ ഇടപെട്ടു.

തുടർന്ന് ഇക്കാര്യം കൃഷ്ണകുമാർ സ്കൂൾ അധികൃതരെ അറിയിച്ചു. വൈകീട്ട് മൂന്ന് മണിയോടെ സ്കൂൾ അധികൃതരെ വിവരം അറിയിച്ചത് എന്തിനാണ് എന്ന് ചോദിച്ച് രണ്ടു വിദ്യാർഥികൾ കൃഷ്ണകുമാറുമായി വാക്കുതർക്കത്തിൽ ഏർപ്പെട്ടു. വാക്കുതർക്കത്തിനിടെ കുപിതരായ സഹപാഠികൾ കൃഷ്ണകുമാറിന്റെ കൈ തല്ലിയൊടിക്കുകയും മർദ്ദിക്കുകയും ചെയ്തതായാണ് പരാതിയിൽ പറയുന്നത്.

ഉടൻ തന്നെ പാറശാല താലൂക്ക് ആശുപത്രിയിൽ കൃഷ്ണകുമാർ ചികിത്സ തേടി.

കൈ ഒടിഞ്ഞതിനെ തുടർന്ന് കുട്ടിയുടെ കൈയിൽ പ്ലാസ്റ്റർ ഇട്ടിട്ടുണ്ട്. സംഭവത്തിൽ സ്കൂൾ അധികൃതർ രണ്ടു വിദ്യാർഥികൾക്കെതിരെ പാറശാല പൊലീസിൽ പരാതി നൽകിയിട്ടുണ്ട്.

കാണാതായ അമ്മയെയും അഞ്ച് പിഞ്ചുമക്കളെയും വയനാട്ടിലെത്തിച്ചു

കൽപറ്റ: വയനാട്ടിൽ നിന്ന് നാലു ദിവസമായി കാണാതായ അമ്മയെയും അഞ്ച് പിഞ്ചുമക്കളെയും തിരികെ എത്തിച്ചു. ഇന്ന് പുലർച്ചെയാണ് പൊലീസ് കൽപറ്റയിലെത്തിച്ചത്. ബന്ധുവീട്ടിൽ പോകാൻ താൽപര്യമില്ലെന്ന് അറിയിച്ചതിനെ തുടർന്ന് ഇവരെ കൽപറ്റ 'സ്നേഹിത'യിലേക്ക് മാറ്റി. ചെറിയ കുട്ടികളുടെ സുരക്ഷ കണക്കിലെടുത്താണ് 'സ്നേഹിത'യിലേക്ക് മാറ്റിയതെന്ന് പൊലീസ് അറിയിച്ചു. കമ്പളക്കാട് കൂടോത്തുമ്മലിൽ താമസിക്കുന്ന കോഴിക്കോട് സ്വദേശികളായ കുടുംബത്തെയാണ് ഗുരുവായൂരിൽ നിന്ന് കണ്ടെത്തിയത്.

കഴിഞ്ഞ 19ന് വൈകീട്ടാണ് ചേളാരിയിലെ സ്വന്തം വീട്ടിലേക്കെന്നു പറഞ്ഞു പോയ അമ്മയെയും 12, 11, 9, 5, 4 വയസുള്ള മക്കളെയും കാണാതായത്. എന്നാൽ, ഇവർ ചേളാരിയിലെ വീട്ടിൽ എത്തിയില്ല. അതോടെ യുവതിയുടെ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും കിട്ടിയില്ല. ഇതോടെ ബന്ധുക്കൾ കമ്പളക്കാട് പൊലീസിൽ ചൊവാഴ്ച പരാതി നൽകി.

കണ്ണൂരിൽ മത്സ്യത്തൊഴിലാളിയായ യുവതിയുടെ ഭർത്താവിനെ പൊലീസ് വിളിച്ച് വരുത്തിയിരുന്നു. ഇതിനിടെ യുവതിയുടെ മൊബൈൽ ഫോൺ ട്രാക്ക് ചെയ്യാൻ ശ്രമിച്ച പൊലീസിന് ഒടുവിലെ സിഗ്നൽ ഫറോക്കിൽ നിന്നാണെന്ന സൂചന ലഭിച്ചു. അതോടെ കമ്പളക്കാട് പൊലീസ് ഭർത്താവിനെയും കൂട്ടി കോഴിക്കോടേക്ക് പുറപ്പെട്ടു. അതിനിടയിൽ അമ്മയെയും മക്കളെയും കണ്ണൂരിൽ കണ്ടതായും ഷൊർണൂരിൽ കണ്ടതായും അഭ്യൂഹങ്ങൾ പരന്നു.

അതോടെ ബന്ധുക്കളും നാട്ടുകാരും ആശങ്കയിലായി. കണ്ണൂരിൽ ബുധനാഴ്ച രാത്രി ബസ് സ്റ്റാന്റിൽ കണ്ടുവെന്നാണ് ആദ്യം ലഭിച്ച വിവരം. ഇവരെ വ്യാഴാഴ്ച ഉച്ചക്ക് അമ്മയും മക്കളുമടക്കം ആറ് പേരെ ഷൊർണൂരിൽ കണ്ടെന്നും പൊലീസിന് വിവരം ലഭിച്ചു.

തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഷൊർണൂരിൽ എത്തിയ യുവതി ബന്ധുവിന്റെ കൈയിൽ നിന്ന് കുറച്ചു രൂപ കടം വാങ്ങിയതായി പൊലീസ് കണ്ടെത്തി. ഇന്നലെ രാത്രിയോടെ ഗുരുവായൂർ അമ്പലത്തി?ൽവെച്ച് ഇവരെ കണ്ടെത്തുകയായിരുന്നു. തുടർന്ന് യുവതിയേയും കുട്ടികളെയും പൊലീസ് കൺട്രോൾ റൂമിലേക്ക് മാറ്റി.

എൻ.ഐ.ടി അനധ്യാപക തസ്തികയിലേക്കുള്ള പരീക്ഷ

സമയം മാറ്റിയത് കൃത്യമായി അറിയിച്ചില്ല; അവസരം നഷ്ടമായി ഉദ്യോഗാർഥികൾ

കോഴിക്കോട്: എൻ.ഐ.ടികളിലേക്ക് അനധ്യാപക തസ്തികകളിലേക്ക് നടക്കുന്ന പരീക്ഷകളിൽ രാത്രി സമയം മാറ്റിയത് അറിയാതെയും ഒന്നിലധികം ഹാൾ ടിക്കറ്റുകൾ അയച്ചും ഉദ്യോഗാർഥികളെ വെട്ടിലാക്കി അധികൃതർ. ഇതുമൂലം നിരവധി പേർക്കാണ് പരീക്ഷ എഴുതാൻ അവസരം നഷ്ടമായത്.

നാഷനൽ ടെസ്റ്റിങ് ഏജൻസി ഇന്നലെ നടത്തിയ എൻ.ഐ.ടി സീനിയർ അസിസ്റ്റന്റ് പരീക്ഷയിലാണ് എൻ.ടി.എ ആദ്യം നൽകിയ ഹാൾ ടിക്കറ്റുമായി റിപ്പോർട്ടിങ് സമയത്തിന് എത്തിയിട്ടും ഉദ്യോഗാർഥികൾക്ക് അവസരം നിഷേധിച്ചത്. അഡ്മിറ്റ് കാർഡ് വൈകിയതിനെ തുടർന്ന് ഉദ്യോഗാർഥികളുടെ ആശങ്കയ്ക്കിടെ 19ന് പുലർച്ചെ മുതലാണ് ഉദ്യോഗാർഥികൾക്ക് അഡ്മിറ്റ് കാർഡ് ലഭിച്ചു തുടങ്ങിയത്.ഇന്നലെ പരീക്ഷ എഴുതാൻ അവസരം നഷ്ടമായ ഉദ്യോഗാർഥികൾക്ക് 19ന് അനുവദിച്ച ആദ്യ അഡ്മിറ്റ് കാർഡിൽ പരീക്ഷ സമയം ഉച്ചയ്ക്കു 12.30 എന്നും റിപ്പോർട്ടിങ് സമയം രാവിലെ 11നും എന്നാണ് രേഖപ്പെടുത്തിയത്. എന്നാൽ, കഴിഞ്ഞ ദിവസം രാത്രി ഉദ്യോഗാർഥികൾക്ക് വീണ്ടും പരീക്ഷ സമയം രാവിലെ 8.30 എന്നും റിപ്പോർട്ടിങ് സമയം ഏഴിനു എന്നും കാണിച്ച് പുതിയ ഹാൾ ടിക്കറ്റ് അയച്ചു.

രാത്രി ഉറങ്ങിയ ശേഷം വന്ന ഹാൾ ടിക്കറ്റ് പലരുടെയും ശ്രദ്ധയിൽപ്പെട്ടില്ല. ഇമെയിൽ പരിശോധിച്ച് ഹാൾ ടിക്കറ്റ് മാറ്റി പ്രിന്റ് ചെയ്യാൻ അതിരാവിലെ കഴിയാതിരുന്നതും റിപ്പോർട്ടിങ് സമയത്ത് പരീക്ഷ കേന്ദ്രങ്ങളിൽ എത്താൻ കഴിയാതെ പ്രയാസം സൃഷ്ടിച്ചു.

പല ഉദ്യോഗാർഥികളും പരീക്ഷ കേന്ദ്രങ്ങളിൽ എത്തി പരിശോധന നടത്തി അധികൃതർ അറിയിച്ചപ്പോൾ മാത്രമാണ് സമയം മാറിയതും അവസരം നഷ്ടമായതും അറിയുന്നത്. ഇങ്ങനെ അവസരം നഷ്ടമായ പലർക്കും അപേക്ഷിക്കാനുള്ള പ്രായപരിധി അവസാനിക്കുന്നതിനാൽ ഇനി അവസരം പോലും ലഭിക്കില്ലെന്ന് കാണിച്ച് എൻ.ഐ.ടി, എൻ.ടി.എ അധികൃതരെ ബന്ധപ്പെട്ടെങ്കിലും മാനുഷിക പരിഗണന പോലും നൽകാതെ ഒഴിഞ്ഞു മാറുകയായിരുന്നു എന്നാണ് ഉദ്യോഗാർഥികളുടെ പരാതി. നഗരത്തിലെ പത്തോളം കേന്ദ്രങ്ങളിലാണ് എൻ.ഐ.ടി അടക്കമുള്ള സ്ഥാപനങ്ങളിലെ ജൂനിയർ അസിസ്റ്റന്റ്, ഓഫിസ് അറ്റൻഡന്റ്, ടെക്നിഷ്യൻ, സീനിയർ അസിസ്റ്റന്റ് തുടങ്ങി എട്ടോളം തസ്തികകളിലേക്ക് പരീക്ഷ നടത്തുന്നത്.സംസ്ഥാനത്ത് കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളിലാണ് സെന്ററുകൾ ഉള്ളത്. കഴിഞ്ഞ ദിവസം എത്തി റൂം എടുത്ത് കാത്തിരുന്നവരാണ് അവസരം നഷ്ടമായ ഉദ്യോഗാർഥികളിൽ പലരും.

കഴിഞ്ഞ ദിവസം കണ്ടെയ്ൻമെന്റ് സോൺ ആയ ഫറോക്കിൽ സെന്റർ അവസാന സമയം രാമനാട്ടുകരയിലേക്കു മാറ്റി കൃത്യമായ അറിയിപ്പ് നൽകാതിരുന്നത് ഉദ്യോഗാർഥികളെ ദുരിതത്തിലാക്കിയിരുന്നു.

ആറു ദിവസം മുൻപ് കാണാതായി; 48കാരന്റെ മൃതദേഹം തോട്ടിൽ

കോഴിക്കോട്: കോടഞ്ചേരിയിൽ ആറുദിവസം മുൻപ് കാണാതായ ആളെ തോട്ടിൽ മരിച്ച നിലയിൽ കണ്ടെത്തി. പാറേപ്പറമ്പിൽ ഭാസ്കരനെ (48) ആണ് മേക്കോഞ്ഞി കോളനിയോട് ചേർന്നുള്ള തോട്ടിൽ മരിച്ചനിലയിൽ കണ്ടെത്തിയത്.

കോടഞ്ചേരി പൊലീസും നാട്ടുകാരും കഴിഞ്ഞ ദിവസം സമീപ പ്രദേശങ്ങളിൽ ഭാസ്കരന് വേണ്ടി തിരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ഇന്ന് വൈകിട്ട് അഞ്ചിനാണ് ഭാസ്കരന്റെ മൃതദേഹം തോട്ടിൽ കണ്ടെത്തിയത്.

വീട്ടമ്മയുടെ അക്കൗണ്ടിൽ നിന്ന് 19 ലക്ഷം തട്ടിയെടുത്ത് അജ്ഞാതർ, പണം പിൻവലിച്ചത് യുപിഐ വഴി; പരാതി

കോഴിക്കോട്: വീട്ടമ്മയുടെ അക്കൗണ്ടിൽനിന്ന് 19 ലക്ഷം രൂപ തട്ടിയെടുത്തതായി പരാതി. മീഞ്ചന്ത ഫാത്തിമ മഹലിൽ പികെ ഫാത്തിമബിയാണ് തട്ടിപ്പിന് ഇരയായത്. ഫാത്തിമബിയുടെ അക്കൗണ്ടിൽ നിന്ന് അജ്ഞാതർ 19 ലക്ഷം രൂപ യുപിഐ വഴി പിൻവലിക്കുകയായിരുന്നു. ചെറൂട്ടി റോഡിലെ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ശാഖയിലുള്ള അക്കൗണ്ടിലാണു വൻ തുകയുടെ തട്ടിപ്പു നടന്നത്. 1992മുതൽ ഫാത്തിമബിയുടെ പേരിലുള്ളതാണ് അക്കൗണ്ട്. കെട്ടിടവാടക ഇനത്തിൽ ഫാത്തിമബിക്കു ലഭിക്കുന്ന തുകയാണ് ഈ അക്കൗണ്ടിലേക്കു വരുന്നത്. അക്കൗണ്ട് പരിശോധിക്കുകയോ പണം എടുക്കുകയോ ചെയ്യാറില്ലായിരുന്നു. കഴിഞ്ഞ ദിവസം ബാങ്കിൽ മറ്റൊരു ആവശ്യത്തിനു പോയ മകൻ അബ്ദുൽ റസാഖ് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് വാങ്ങി പരിശോധിച്ചപ്പോഴാണ് തട്ടിപ്പ് പുറത്തറിഞ്ഞത്. തുടർന്ന് ബാങ്ക് അധികൃതരെ അറിയിച്ച് അക്കൗണ്ട് ഇടപാടുകൾ നിർത്തിവയ്പിച്ചു. ജൂലൈ 24 നും സെപ്റ്റംബർ 19 നും ഇടയിൽ പല തവണകളായാണു പണം പിൻവലിച്ചിരിക്കുന്നത്. എടിഎം കാർഡോ ഓൺലൈൻ ഇടപാടോ ഇല്ലാത്ത അക്കൗണ്ടാണെങ്കിലും യുപിഐ വഴിയാണു പണം പിൻവലിച്ചിരിക്കുന്നത്. ജൂലൈ 24നാണ് അക്കൗണ്ടിൽ നിന്ന് ആദ്യമായി പണം നഷ്ടപ്പെടുന്നത്. ആദ്യം ചെറിയ തുകകളായും പിന്നീട് പലതവണകളായി ഒരു ലക്ഷം വീതവുമാണ് പണം പിൻവലിച്ചത്. സംഭവത്തിൽ സൈബർ പൊലീസിൽ പരാതി നൽകി.

അട്ടപ്പാടി മധു വധക്കേസ്: സ്പെഷ്യൽ പ്രോസിക്യൂട്ടർ നിയമനത്തിനെതിരെ മധുവിന്റെ അമ്മ സങ്കട ഹരജി നൽകി

കൊച്ചി: അട്ടപ്പാടി മധു വധക്കേസിൽ സ്പെഷ്യൽ പ്രോസിക്യൂട്ടർ നിയമനത്തിനെതിരെ മധുവിന്റെ അമ്മ സങ്കട ഹരജി നൽകി. കെ.പി സതീശനെ നിയമിച്ച സർക്കാർ വിജ്ഞാപനം പുനഃപരിശോധിക്കാൻ നിർദേശം നൽകണമെന്നാവശ്യപ്പെട്ടാണ് ഹരജി. ചീഫ് ജസ്റ്റിസ് പ്രശ്നത്തിൽ ഇടപെടണമെന്നും ഹരജിയിൽ ആവശ്യപ്പെടുന്നുണ്ട്.

മധുവിന്റെ കുടുംബത്തോട് കൂടിയാലോചന നടത്താതെയാണ് സെപ്ഷ്യൽ പ്രോസിക്യൂട്ടറെ നിയമിച്ചെന്നാണ് മധുവിന്റെ അമ്മയുടെ പ്രധാന ആരോപണം. ഇമെയിൽ വഴിയാണ് ഹരജി സമർപ്പിച്ചത്.

വയനാട്ടിൽ ആദിവാസി കോളനികളിൽ വൻ സാമ്പത്തിക തട്ടിപ്പ്; വർഷങ്ങൾക്കിടെ കടബാധിതരായത് നൂറുകണക്കിനാളുകൾ

വയനാട്ടിൽ ആദിവാസികളെ കുരുക്കിലാക്കി വൻ സാമ്പത്തിക തട്ടിപ്പ്. ആദിവാസികൾ മുഖേന വായ്പ വാങ്ങി പുറത്തുനിന്നുള്ള സംഘം തട്ടിയെടുക്കുന്നത് ലക്ഷങ്ങൾ. വർഷങ്ങളായി തുടരുന്ന തട്ടിപ്പിനിടെ പനമരം പഞ്ചായത്തിലും മാനന്തവാടി മുനിസിപ്പാലിറ്റിയിലും കടബാധിതരായത് നൂറുകണക്കിന് ആദിവാസികൾ.

വയനാട്ടിലെ അതി ദരിദ്ര ആദിവാസി കോളനികൾ കേന്ദ്രീകരിച്ചാണ് തട്ടിപ്പുസംഘത്തിന്റെ പ്രവർത്തനം. മാനന്തവാടി ചെറ്റപ്പാലം ആസ്ഥാനമായുള്ള ഭാരത് മൈക്രോഫിനാൻസ് എന്ന സ്വകാര്യ ധനമിടപാട് സ്ഥാപനം ആധാർ കാർഡും ഐഡൻറിറ്റി കാർഡും ബയോമെട്രിക് വിവരങ്ങളും മാത്രം ശേഖരിച്ച് ആദിവാസികൾക്ക് വായ്പ പാസാക്കും. പിന്നീട് ഫിനാൻസ് സ്ഥാപനവുമായി അടുത്ത ബന്ധമുള്ള ഇടനിലക്കാരോ ഏജന്റുമാരോ ഇതിൽ ചെറിയൊരു തുക മാത്രം ആദിവാസികൾക്ക് നൽകി ബാക്കി പണം കൈക്കലാക്കുന്നതാണ് തട്ടിപ്പിന്റെ രീതി. ഇതോടെ അയ്യായിരമോ ആറായിരമോ രൂപ മാത്രം ലഭിച്ച ആദിവാസികൾ വൻ തുകയുടെ കടബാധിതരാകും

വായ്പയാണെന്ന് പോലും അറിയാതെ കെണിയിൽ ചെന്നു ചാടിയ നിരക്ഷരരായ നൂറുകണക്കിന് ആദിവാസികളാണ് ജില്ലയിലുടനീളം ഇങ്ങനെ വിവിധ കോളനികളിലായി വൻ തുകയുടെ കട ബാധിതരായിരിക്കുന്നത്. കഴിഞ്ഞദിവസങ്ങളിൽ പനമരം പഞ്ചായത്തിലെയും മാനന്തവാടി മുനിസിപ്പാലിറ്റിയിലെയും വിവിധ അടിയ, പണിയ കോളനികളിൽ ഈ സംഘം എത്തിയിരുന്നു. ദിവസവും നൂറുകണക്കിന് ആദിവാസികളെയാണ് ഇവർ ഇപ്പോഴും ചെറ്റപ്പാലത്തെ പലിശ സ്ഥാപനത്തിനു മുന്നിൽ ലോണിനായി എത്തിക്കുന്നത്.

ഇ.ഡിക്കെതിരായ സി.പി.എം കൗൺസിലറുടെ പരാതിയിൽ ഉടൻ കേസെടുക്കില്ലെന്ന് പൊലിസ്

കൊച്ചി: ഇ.ഡിക്കെതിരായ സി.പി.എം കൗൺസിലറുടെ പരാതിയിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെതിരെ ഉടൻ കേസെടുക്കില്ല.

ധൃതിപിടിച്ച് കേസ് എടുക്കേണ്ടതില്ലെന്ന നിലപാടിലാണ് കൊച്ചി സിറ്റി പൊലീസ്. ചോദ്യം ചെയ്യലിനിടെ രണ്ട് ഇ.ഡി. ഉദ്യോഗസ്ഥർ മർദിച്ചെന്നായിരുന്നു വടക്കാഞ്ചേരി മുൻസിപ്പാലിറ്റി കൗൺസിലർ പി.ആർ അരവിന്ദാക്ഷന്റെ പരാതി.

വടക്കാഞ്ചേരി താലൂക്കിലെ ഹെൽത്ത് കമ്മറ്റി ചെയർമാനാണ് പി.ആർ അരവിന്ദാക്ഷൻ. ഇയാളെ നിരവധി തവണ ചോദ്യം ചെയ്തിരുന്നു. പരാതി ലഭിച്ചു തൊട്ടു പിന്നാലെ തന്നെ കൊച്ചി പൊലീസ് കമ്മീഷണർ എറണാകുളം സെൻട്രൽ പൊലീസിനോട് പ്രാഥമിക അന്വേഷണം നടത്താൻ നിർദേശം നൽകുകയായിരുന്നു.

ഇതിനെ തുടർന്ന് സെൻട്രൽ സി.ഐയുടെ നേതൃത്വത്തിലുള്ള സംഘം ഇ.ഡി ഓഫീസിലെത്തി പരിശോധന നടത്തുകയായിരുന്നു.

എന്നാൽ പരിശോധന നടന്ന് ഒരു ദിവസം പിന്നിട്ടിട്ടും പൊലീസ് കേസെടുക്കുന്ന കാര്യത്തിൽ അനശ്ചിതത്വം തുടരുകയായിരുന്നു. ഇതിലാണിപ്പോൾ

സഭയിൽ ബിജെപി അംഗത്തിന്റെ വിദ്വേഷ പരാമർശം, വിവാദം; ഖേദം പ്രകടിപ്പിച്ച് രാജ്നാഥ് സിങ്

ന്യൂഡൽഹി: ബിജെപി അംഗം രമേഷ് ബിധൂരി ലോക് സഭയിൽ നടത്തിയ വിദ്വേഷ പരാമർശത്തെച്ചൊല്ലി വൻ വിവാദം. സഭയിൽ ചന്ദ്രയാനെക്കുറിച്ചുള്ള ചർച്ചയ്ക്കിടെ, ബിഎസ്പി അംഗം ഡാനിഷ് അലിക്കെതിരെയാണ് ബിധൂരി വിദ്വേഷ പരാമർശം നടത്തിയത്.

പരാമർശം സഭാരേഖകളിൽ നിന്നു നീക്കാൻ നിർദേശിച്ച സ്പീക്കർ ഓം ബിർല ആവർത്തിച്ചാൽ കടുത്ത നടപടി സ്വീകരിക്കുമെന്ന് ബിധൂരിക്കു താക്കീത് നൽകി.

ഭികരവാദി ഉൾപ്പെടെയുള്ള പദങ്ങളും അസഭ്യ പ്രയോഗങ്ങളും നടത്തി ബിധൂരി ഡാനിഷ് അലിക്കെതിരെ സംസാരിക്കുന്ന സഭാ ദൃശ്യങ്ങൾ സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിച്ചു. ബിധൂരിയുടെ പെരുമാറ്റത്തിൽ മുതിർന്ന ബിജെപി നേതാവും കേന്ദ്രമന്ത്രിയുമായ രാജ്നാഥ് സിങ് ഖേദം പ്രകടപ്പിച്ചു.

പുതിയ പാർലമെന്റ് മന്ദിരത്തിൽ വച്ച് ഉണ്ടായ സംഭവം രാജ്യത്തെ ന്യൂനപക്ഷ സമുദായ അംഗം എന്ന നിലയിലും എംപി എന്ന നിലയിലും അങ്ങേയറ്റം ഹൃദയഭേദകമാണെന്ന് ഡാനിഷ് അലി സ്പീക്കർക്കെഴുതിയ കത്തിൽ പറഞ്ഞു. പ്രതിപക്ഷത്തിന്റെ പ്രതിഷേധം ഉയർന്നതിനു പിന്നാലെ തന്നെ പ്രതിരോധ മന്ത്രി രാജ്നാഥ് സിങ് ബിധൂരിയുടെ പരാമർശങ്ങളിൽ ഖേദം പ്രകടിപ്പിച്ചു. അംഗത്തിന്റെ പരാമർശം പ്രതിപക്ഷത്തിന്റെ വികാരങ്ങളെ ഹനിച്ചെങ്കിൽ ഖേദം പ്രകടിപ്പിക്കുന്നതായി രാജ്നാഥ് സിങ് പറഞ്ഞു.അതേസമയം ഖേദപ്രകടനം പോരെന്നും ബിധൂരിക്കെതിരെ നടപടി വേണമെന്നും പ്രതിപക്ഷം ആവശ്യപ്പെട്ടു. ബിധൂരിയുടെ നടപടി പാർലമെന്റിനെ അവഹേളിക്കലാണെന്ന് കോൺഗ്രസ് നേതാവ് ജയറാം രമേശ് പറഞ്ഞു. ബിധൂരിയെ സസ്പെൻഡ് ചെയ്യണമെന്ന് ജയറാം രമേശ് ആവശ്യപ്പെട്ടു.

യൂട്യൂബർ മല്ലു ട്രാവലറിനെതിരെയുള്ള പീഡന കേസിൽ ഇന്റലിജൻസ് ബ്യൂറോ അന്വേഷണം ആരംഭിച്ചു

കൊച്ചി: യൂട്യൂബർ മല്ലു ട്രാവലർ എന്ന ഷാക്കിർ സുബ്ഹാനെതിരെയുള്ള പീഡന കേസിൽ ഇന്റലിജൻസ് ബ്യൂറോ അന്വേഷണമാരംഭിച്ചു.

സൗദി യുവതിയുടെ പരാതിയിലാണ് ഐ.ബിയുടെ അന്വേഷണം. സൗദി കോൺസുലേറ്റിലും, എംബസിയിലും നൽകിയ പരാതിയിലാണ് നടപടി.

ഷാക്കിർ സുബ്ഹാനെതിരെയുള്ള പൊലീസ് നടപടികളുടെ വിവരങ്ങൾ ഐ.ബി ശേഖരിക്കുകയും ചെയ്തു.സംഭവത്തിൽ നേരത്തെ എറണാകുളം സെൻട്രൽ പൊലീസ് കേസെടുത്തിരുന്നു. സെപ്റ്റംബർ 13ന് കൊച്ചിയിലെ ഒരു സ്വകാര്യ ഹോട്ടലിൽ വച്ചാണ് കേസിനാസ്പദമായ സംഭവം നടന്നതെന്നാണു വിവരം. അഭിമുഖത്തിനെന്നു പറഞ്ഞാണ് യുവതിയെ കൊച്ചിയിലേക്കു വിളിച്ചു വരുത്തിയത്.

കോഴിക്കോട് സ്വദേശിയായ പ്രതിശ്രുത വരനൊപ്പമാണ് ഇവർ എത്തിയിരുന്നത്.

ചന്ദ്രബാബു നായിഡുവിന് തിരിച്ചടി; അഴിമതി കേസ് റദ്ദാക്കണമെന്ന ആവശ്യം തള്ളി ഹൈക്കോടതി

ഹൈദരാബാദ്: ആന്ധ്രാപ്രദേശ് നൈപുണ്യ വികസന കോർപ്പറേഷൻ അഴിമതി കേസിൽ ചന്ദ്രബാബു നായിഡുവിന് തിരിച്ചടി. അഴിമതി കേസ് റദ്ദാക്കണമെന്ന ആവശ്യം ഹൈക്കോടതി തള്ളി.

ഈ മാസം 10നാണ് ആന്ധ്രാപ്രദേശ് നൈപുണ്യ വികസന കോർപ്പറേഷൻ അഴിമതി കേസിൽ ചന്ദ്രബാബു നായിഡുവിനെ പൊലീസ് അറസ്റ്റ് ചെയ്തത്. ഹൈക്കോടതി വിധിക്കെതിരെ ചന്ദ്രബാബു നായിഡു ഉടൻ സുപ്രിം കോടതിയെ സമീപിച്ചേക്കും.

നായിഡുവും കുടുംബവും ടിഡിപിയും 279 കോടിയുടെ ദുർവിനിയോഗ ഫണ്ടിൻറെ അന്തിമ ഗുണഭോക്താക്കളാണെന്നാണ് സിഐഡി ആരോപണം. അഴിമതിയുടെ മുഖ്യ സൂത്രധാരനെന്ന് നായിഡുവിനെ വിശേഷിപ്പിച്ച സിഐഡി അദ്ദേഹം ഫണ്ട് ദുരുപയോഗം ചെയ്യുകയും തെറ്റായ രേഖകൾ ഉണ്ടാക്കുകയും തെളിവുകൾ നശിപ്പിക്കുകയും ചെയ്തെന്നും ചൂണ്ടിക്കാട്ടിയിരുന്നു. 14 ദിവസത്തേക്ക് റിമാൻഡ് ചെയ്ത ചന്ദ്രബാബു നായിഡു രാജമുണ്ട്രി സെൻട്രൽ ജയിലിലാണ്.

മൂന്ന് സ്ത്രീകളെ കൂട്ടബലാത്സംഗം ചെയ്തു; ഞെട്ടി ഹരിയാന

പാനിപ്പത്ത്: ബന്ദികളാക്കിയ വീട്ടുകാരുടെ മുന്നിലിട്ട് മൂന്ന് സ്ത്രീകളെ ബലാത്സംഗം ചെയ്തു. മറ്റൊരിടത്ത് ഭർത്താവിനെ കൊള്ളയടിച്ച് ഭാര്യയെ കൊന്നു. ഹരിയാനയിലാണ് രണ്ട് സംഭവങ്ങളും. പാനിപ്പത്ത് ജില്ലയിലെ മത്ലൗഡ പൊലിസ് സ്റ്റേഷൻ പരിധിയിൽ നടന്ന സംഭവത്തിൽ ഫിഷ്ഫാമിൽ ജോലിചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളാണ് അക്രമത്തിനിരയായത്. രണ്ട് വീടുകളിലായാണ് സംഘം അക്രമം അഴിച്ചു വിട്ടത്.

ആദ്യ വീട്ടിൽ ബൈക്കിലെത്തിയ കൊള്ളസംഘം ഗൃഹനാഥനെയും ഭാര്യയെയും മർദിക്കുകയും പണം കവരുകയും ചെയ്തു. അക്രമികളുടെ അടിയേറ്റ് ഗുരുതര പരിക്കോടെ ചികിത്സയിലായിരുന്ന 45കാരി പിന്നീട് മരിക്കുകയായിരുന്നു. അക്രമി തൊഴിച്ചതിനെ തുടർന്ന് വയറിനേറ്റ പരിക്കാണ് മരണകാരണം.

രണ്ടാമത്തെ വീട്ടിലെ പുരുഷന്മാരെയും കുട്ടികളെയും കെട്ടിയിട്ട ശേഷം മൂന്നു സ്ത്രീകളെ കൂട്ടബലാത്സംഗം ചെയ്തു.

കുടുംബം താമസിച്ചിരുന്ന വീട്ടിലേക്ക് അതിക്രമിച്ച് കയറിയ നാല് പേർ മൂന്ന് തൊഴിലാളികളായ സ്ത്രീകളുടെ കുടുംബാംഗങ്ങളെ കയർ ഉപയോഗിച്ച് കെട്ടിയിട്ട് ബലാത്സംഗം ചെയ്തു കയായിരുന്നു. പീഡനത്തിനു ശേഷം ഇവരുടെ പണവും ആഭരണങ്ങളും കവർന്നു.24, 25, 35 വയസുള്ള സ്ത്രീകളാണ് ബലാത്സംഗം ചെയ്യപ്പെട്ടത്. ഇവിടെ നിന്ന് ആഭരണങ്ങളും 13,000 രൂപയുമാണ് കൊള്ളസംഘം മോഷ്ടിച്ചത്.

രണ്ട് സംഭവങ്ങളും ഒരേ ഗ്രാമത്തിലാണ് നടന്നതെന്ന് പാനിപ്പത്തിലെ മത്ലൗഡ പൊലിസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫിസർ വിജയ് പറഞ്ഞു. അന്വേഷണം പുരോഗമിക്കുകയാണെന്നും ഇതുവരെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രതികൾക്കായുള്ള തെരച്ചിൽ ഊർജിതമാക്കിയിട്ടുണ്ട്. കൊലപാതകം, ബലാത്സംഗം അടക്കമുള്ള കുറ്റങ്ങൾ ചുമത്തിയാണ് നാല് അക്രമികൾക്കെതിരെ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്.

ഭിന്നിപ്പിൻറെയും വിദ്വേഷത്തിൻറെയും രാഷ്ട്രീയം ചില പാർട്ടികളുടെ പ്രധാന അജണ്ടയായി മാറി: പ്രിയങ്ക ഗാന്ധി

റായ്പൂർ: ഭിന്നിപ്പുണ്ടാക്കുന്ന രാഷ്ട്രീയവും മതത്തിൻറെയും ജാതിയുടെ പേരിലുള്ള വിദ്വേഷം പരത്തലും ഇന്നത്തെ ചില പാർട്ടികളുടെ പ്രധാന അജണ്ടയായി മാറുന്നുവെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി. വ്യാഴാഴ്ച ഛത്തീസ്ഗഡ് ദുർഗ് ജില്ലയിലെ ഭിലായിലെ ജയന്തി സ്റ്റേഡിയത്തിൽ സ്ത്രീകളുടെ സമൃദ്ധി സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു പ്രിയങ്ക.

തൻറെ പിതാവിനൊപ്പമുള്ള നാളുകളെ കുറിച്ച് ഓർത്തുകൊണ്ട് ജനറൽ സെക്രട്ടറി അവിസ്മരണീയമായ ഒരു സംഭവവും പ്രിയങ്ക പങ്കുവച്ചു. "ഞാൻ എൻറെ പിതാവ് അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയോടൊപ്പം അമേഠിയിൽ യാത്ര ചെയ്യുകയാണ്, ഒരു വൃദ്ധയായ സ്ത്രീ പെട്ടെന്ന് പിതാവിൻറെ അടുത്തുവന്ന് എന്തു പണിയാണ് കാട്ടിയതെന്ന് പറഞ്ഞ് ശകാരിച്ചു. മഴ പെയ്താൽ റോഡ് മുഴുവൻ വെള്ളത്തിനടിയിലാകുന്ന തരത്തിലാണ് നിർമാണം നടത്തിയിരിക്കുന്നത്. നിങ്ങൾ അപമാനിക്കപ്പെട്ടപ്പോൾ ദേഷ്യപ്പെടാത്തത് എന്താണെന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. മോശം പ്രവൃത്തിയെ അഭിസംബോധന ചെയ്യുന്നത് പൊതുജനങ്ങളുടെ കടമയാണെന്നും അത് തിരുത്തേണ്ടത് ഒരു നേതാവെന്ന നിലയിൽ എൻറെ കടമയാണെന്നും അച്ഛൻ എന്നോട് പറഞ്ഞു". സാധാരണ ജനങ്ങൾക്ക് തങ്ങളുടെ ആവലാതികളെക്കുറിച്ച് പ്രധാനമന്ത്രിയോട് പരാതിപ്പെടാനും അവരുടെ പ്രശ്നങ്ങൾ പങ്കുവെക്കാനും അത് പരിഹരിക്കാൻ പ്രധാനമന്ത്രി ബാധ്യസ്ഥനാണെന്നും കോൺഗ്രസ് ജനറൽ സെക്രട്ടറി പറഞ്ഞു. രാജ്യത്ത് ഒരു കർഷകൻ തുച്ഛമായ വരുമാനത്തിൽ ജീവിക്കാൻ നിർബന്ധിതനാണെന്ന് അവർ ചൂണ്ടിക്കാട്ടി.രാജ്യത്ത് ഒരു കർഷകന്റെ പ്രതിദിന വരുമാനം വെറും 27 രൂപ മാത്രമാണെന്നും മോദി സർക്കാരിന്റെ ചില വ്യവസായി സുഹൃത്തുക്കൾ പ്രതിദിനം 1600 കോടി രൂപയിലധികം സമ്പാദിക്കുന്നുണ്ടെന്നും അവർ ആരോപിച്ചു.ഇന്ധനം, അവശ്യ സാധനങ്ങൾ എന്നിവയുടെ കുതിച്ചുയരുന്ന വിലക്കയറ്റം സൃഷ്ടിക്കുന്ന കടുത്ത സമ്മർദ്ദത്തിൽ പൊതുജനങ്ങൾ ശ്വാസം മുട്ടുകയാണ്. മതിയായ നടപടികൾ സ്വീകരിച്ച് പൊതുജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനുപകരം, മതം, വർഗീയത തുടങ്ങിയ വിഷയങ്ങളിലേക്ക് അവരെ തള്ളിവിട്ട് സാധാരണക്കാരുടെ വികാരങ്ങളെ ചൂഷണം ചെയ്യുന്നതിലാണ് സർക്കാർ ഏർപ്പെട്ടിരിക്കുന്നത്. യുവാക്കൾക്ക് തൊഴിലില്ല. യുപിയിൽ പ്രധാനമന്ത്രി ഉജ്ജ്വല പദ്ധതി പ്രകാരം ഗ്യാസ് സിലിണ്ടറുകൾ നൽകിയ സ്ത്രീകൾക്ക് അവരുടെ എൽപിജി സിലിണ്ടറുകൾ വീണ്ടും നിറയ്ക്കാൻ കഴിയുന്നില്ല."8000 കോടി രൂപ വീതമുള്ള രണ്ട് ആഡംബര വിമാനങ്ങൾ വാങ്ങാൻ പൊതു പണം മോദി സർക്കാർ പാഴാക്കി. യശോഭൂമിക്ക് 27,000 കോടി ചെലവഴിച്ചു, പുതിയ പാർലമെൻറ് കെട്ടിടത്തിന് 20,000 കോടി ചെലവാക്കി. പക്ഷേ എന്തുകൊണ്ടാണ് റോഡുകൾ തകർന്നത്, എന്തുകൊണ്ടാണ് തൊഴിലില്ലാത്തത് എന്നീ ചോദ്യങ്ങൾക്ക് ഉത്തരം ലഭ്യമല്ല. എന്തുകൊണ്ടാണ് ടാപ്പുകളിൽ വെള്ളമില്ലാത്തത്? വിലക്കയറ്റത്തിൻറെ കാരണമെന്താണ്? എന്തുകൊണ്ട് കർഷകരുടെ വരുമാനം വർധിക്കുന്നില്ല...പ്രിയങ്ക ചോദിച്ചു. ഡൽഹിയിൽ നടന്ന ജി 20 ഉച്ചകോടിയെക്കുറിച്ചും പ്രിയങ്ക പറഞ്ഞു." ഒരു ഇന്ത്യാക്കാരി എന്ന നിലയിൽ ഇത് ആഗോള പ്ലാറ്റ്ഫോമിൽ ഇന്ത്യയുടെ പ്രതിച്ഛായ മെച്ചപ്പെടുത്തുന്നതിൽ അഭിമാനിക്കുന്നു. പാവപ്പെട്ടവരുടെയും ഇടത്തരക്കാരുടെയും ജീവിതവും ഭാവിയും അപകടത്തിലാക്കി തങ്ങളുടെ സുഖസൗകര്യങ്ങളും ആഗ്രഹങ്ങളും നിറവേറ്റാൻ പൊതുപണം പാഴാക്കാനാണ് മോദി സർക്കാർ ആഗ്രഹിക്കുന്നതെങ്കിൽ, അത് കോൺഗ്രസ് അനുവദിക്കില്ല." മോദി സർക്കാരുമായി താരതമ്യപ്പെടുത്തുമ്പോൾ, ബാഗേൽ സർക്കാർ സംസ്ഥാനത്തെ സ്ത്രീകളുടെയും പൊതുജനങ്ങളുടെയും പേക്കറ്റിൽ പണം നിക്ഷേപിച്ചു. 10 ലക്ഷത്തിലധികം എസ്എച്ച്ജി സ്ത്രീകൾ ബാഗേൽ സർക്കാരിൻറെ വിവിധ പദ്ധതികളിൽ നിന്നും പ്രയോജനം നേടിയതായി അവർ അവകാശപ്പെട്ടു.

സനാതന ധർമ പരാമർശം; ഉദയനിധി സ്റ്റാലിന് സുപ്രിംകോടതി നോട്ടിസ്

ഡൽഹി: സനാതന ധർമ പരാമർശത്തിൽ ഉദയനിധി സ്റ്റാലിന് എതിരെ നടപടി വേണമെന്ന ഹരജിയിൽ സുപ്രിംകോടതി നോട്ടീസ് അയച്ചു. തമിഴ്നാട് സർക്കാരിനും ഡി.എം.കെ നേതാവും മന്ത്രിയുമായ ഉദയനിധി സ്റ്റാലിനുമാണ് നോട്ടീസ്. എന്തുകൊണ്ടാണ് ഹൈക്കോടതിയെ സമീപിക്കാത്തതെന്നും കോടതിയെ പൊലീസ് സ്റ്റേഷനാക്കുകയാണോ എന്നും സുപ്രിംകോടതി ചോദിച്ചു. വിദ്വേഷ പ്രസംഗങ്ങൾക്കെതിരായ ഹരജിക്കൊപ്പം ഈ ഹരജി പരിഗണിക്കാൻ കോടതി വിസമ്മതിച്ചു.

തമിഴ്നാട് പ്രോഗ്രസീവ് റൈറ്റേഴ്സ് ആർടിസ്റ്റ് അസോസിയേഷൻ സമ്മേളനത്തിലാണ് സനാതന ധർമത്തെ ഡെങ്കിപ്പനി, മലേറിയ തുടങ്ങിയ രോഗങ്ങളുമായി സ്റ്റാലിൻ താരതമ്യം ചെയ്തത്. സനാതന ധർമ്മം സാമൂഹിക നീതിക്കും സമത്വത്തിനും എതിരാണെന്നും ഉദയനിധി പറഞ്ഞിരുന്നു.'ചില കാര്യങ്ങൾ എതിർക്കാൻ കഴിയില്ല, അത് ഇല്ലാതാക്കണം. ഡെങ്കി, കൊതുകുകൾ, മലേറിയ, കൊറോണ എന്നിവയെ നമുക്ക് എതിർക്കാൻ കഴിയില്ല. നമ്മൾ ഇത് ഉന്മൂലനം ചെയ്യണം. അങ്ങനെയാണ് സനാതനയെ ഉന്മൂലനം ചെയ്യേണ്ടത്,' എന്നാണ് അദ്ദേഹം പറഞ്ഞത്. ഉദയനിധിയുടെ പ്രസ്താവന വലിയ വിവാദങ്ങൾക്കാണ് വഴിതെളിച്ചത്. ബി.ജെ.പി അടക്കമുള്ളവർ ഇതിനെതിരെ രംഗത്തെത്തുകയും ചെയ്തു.

ഉദയനിധിയുടെ സനാതന വിരുദ്ധ പരാമർശങ്ങൾക്കെതിരെ വിവിധ സംസ്ഥാനങ്ങളിൽ നിരവധി എഫ്ഐ.ആറുകൾ ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ, തൻറെ പ്രസ്താവന പിൻവലിക്കാൻ വിസമ്മതിച്ച നേതാവ് സനാതന ധർമത്തെക്കുറിച്ച് താൻ പറഞ്ഞ ഓരോ വാക്കുകളിലും ഉറച്ചുനിൽക്കുകയും ചെയ്തു. പരാമർശങ്ങളുടെ പേരിൽ നിയമനടപടി നേരിടാൻ തയ്യാറാണെന്നും കോടതിയിൽ പോരാടുമെന്നും അദ്ദേഹം പറഞ്ഞിരുന്നു.

ഇന്ത്യ–കാനഡ തർക്കം ചർച്ചയിലൂടെ പരിഹരിക്കണം

ഇന്ത്യയുടെ പരമാധികാരത്തെ വെല്ലുവിളിക്കുന്ന ഖലിസ്ഥാൻ തീവ്രവാദികൾ കാനഡയിലുണ്ടെന്നത് ഏവർക്കും ബോധ്യപ്പെട്ട വസ്തുതയാണ്. ഇന്ദിരാഗാന്ധി വധത്തെ ആഘോഷിച്ചുകൊണ്ട് ഖലിസ്ഥാൻ തീവ്രവാദികൾ കാനഡയിൽ റാലി നടത്തിയതും ലോകം ദർശിച്ചതാണ്. ഖലിസ്ഥാൻ തീവ്രവാദി ഹർദീപ് സിങ് നിജ്ജാർ കൊല്ലപ്പെട്ട സംഭവത്തിൽ ഇന്ത്യക്ക് പങ്കുണ്ടെന്ന ആരോപണമാണ് കനേഡിയൻ പ്രധാന മന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ ആരോപണം. എന്നാൽ ഇതിനാധാരമായ തെളിവുകൾ ഹാജരാക്കാൻ അദ്ദേഹത്തിനിതുവരെ സാധിച്ചിട്ടില്ല. ഹർദീപ് സിങ് നിജ്ജാറുടെ കൊലപാതകികളെ അറസ്റ്റ് ചെയ്ത് വെളിച്ചത്ത് കൊണ്ട് വന്ന് കാനഡ തെളിവുകൾ ഹാജരക്കാൻ തയ്യാറായിട്ടില്ല. ഹർദീപ് സിങ് നിജ്ജാർ കനേഡിയൻ പൗരത്വം സ്വീകരിച്ച്, അവിടെ നിന്ന് ഖലിസ്ഥാനുവേണ്ടി പ്രവർത്തിച്ച വ്യക്തിത്വമാണ്. നിജ്ജാരുടെ കൊലപാതകവുമായി ബന്ധപ്പെട്ട് മൂന്ന് പേരെ സംശയമുണ്ടെന്ന് പറയുകയല്ലാതെ പ്രതികളെ പിടികൂടുകയാണ് കാനഡ ചെയ്യേണ്ടത്.

ഇന്റർപോൾ റെഡ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ള വ്യക്തിയാണ് നിജ്ജാർ. കനേഡിയൻ മണ്ണിലിരുന്ന് സിഖ് യുവാക്കളെ തീവ്രവാദത്തിലേക്ക് നയിച്ചിരുന്ന വ്യക്തിയായിരുന്നു ഇദ്ദേഹം.

ജസ്റ്റിൻ ട്രൂഡോയുടെ രാഷ്ട്രീയ താൽപര്യങ്ങളാണ് ഇന്ത്യക്കെതിരായി നടക്കുന്ന നിരുത്തരവാദപരമായ പ്രസ്താവനക്ക് പിന്നിൽ. നാറ്റോ ജി 7, യു എസ് എ, യു.കെ, ന്യൂസിലാണ്ട്, ആസ്ട്രേലിയ എന്നിവയുടെ മുമ്പിലൊക്കെ ഈ വിഷയം ഉന്നയിച്ചെങ്കിലും അവരാരും തന്നെ ഇന്ത്യക്കെതിരെ പ്രതികരിച്ചില്ലെന്നത് ശ്രദ്ധേയമാണ്. വാസ്തവത്തിൽ കനേഡിയൻ മണ്ണിലിരുന്ന് ഇന്ത്യക്കെതിരെ തീവ്രവാദ പ്രവർത്തനം നടത്തുന്നവർക്ക് വളമിട്ടു കൊടുക്കുകയാണ് ജസ്റ്റിൻ ട്രൂഡോ ചെയ്യുന്നത്. അദ്ദേഹത്തിന്റെ നടപടികൾ കാനഡയിലെ പ്രതിപക്ഷത്തെപോലും ബോധ്യപ്പെടുത്താനായിട്ടില്ല. ലക്ഷക്കണക്കിന് ഇന്ത്യാക്കാരാണ് കാനഡയിൽ കഴിയുന്നത്. എഴുപത്തയ്യായിരം കേരളീയരും കാനഡയിലുണ്ട്.

ജോലി ആവശ്യാർത്ഥവും, പഠനാവശ്യാർത്ഥവും ഇവിടങ്ങളിലുള്ള ഭാരതീയരുടെ സുരക്ഷ നമുക്ക് ഉറപ്പ് വരുത്താനാകണം. ഇന്ത്യയും, കാനഡയും തമ്മിലുള്ള തർക്കം നയതന്ത്ര ഉദ്യോഗസ്ഥരെ പുറത്താക്കുന്നതിലേക്കും കാനഡക്കാർക്ക് ഇന്ത്യയിലേക്ക് വിസ നിഷേധിക്കുന്നത് വരെ കാര്യങ്ങൾ എത്തിക്കഴിഞ്ഞിട്ടുണ്ട്. കാനഡയിൽ ഇന്ത്യക്കെതിരെ നടക്കുന്ന വിരുദ്ധ പ്രവർത്തനങ്ങളെ തടയിടാൻ ജസ്റ്റിൻ ട്രൂഡോ തയ്യാറാകണം.

നിലവിലുണ്ടായ പ്രശ്നങ്ങൾ ചർച്ചയിലൂടെ അതിവേഗം പരിഹാരമുണ്ടാക്കാൻ സാധിക്കണം.

ഖലിസ്ഥാൻ തീവ്രവാദ ശക്തികളും ഇന്ത്യ വിരുദ്ധ പ്രവർത്തനങ്ങളുടെ കേന്ദ്രമായി കാനഡ മാറുന്നതിൽ രാജ്യാന്തര തലത്തിൽ സമ്മർദ്ദം കാനഡക്കെതിരായി ഉയർന്നുവരേണ്ടതുണ്ട്.

വനിതാ സംവരണ ബില്ലിന് പാർലമെന്റിന്റെ അംഗീകാരം; രാജ്യസഭയിൽ പാസായത് എതിരില്ലാതെ

ന്യൂഡൽഹി: രാജ്യത്തെ സ്ത്രീശാക്തീകരണത്തിന് കരുത്തുപകർന്ന്, ലോക്സഭയ്ക്ക് പിന്നാലെ രാജ്യസഭയിലും വനിതാ സംവരണത്തിനുള്ള ഭരണഘടനാ ഭേദഗതി ബില്ലിന് അംഗീകാരം. രാജ്യസഭയിലും ഭരണ–പ്രതിപക്ഷ കക്ഷികൾ അനുകൂലിച്ച് വോട്ട് ചെയ്തതോടെയാണ് ബിൽ പാർലമെന്റിന്റെ ഇരുസഭകളും കടന്നത്. രാജ്യസഭയിൽ 11 മണിക്കൂർ നീണ്ട മാരത്തൺ ചർച്ചയ്ക്കൊടുവിൽ, സഭയിലെത്തിയ 214 പേരും ബില്ലിനെ പിന്തുണച്ചു. ഇനി ബില്ലിന് രാഷ്ട്രപതി അംഗീകാരം നൽകേണ്ടതുണ്ട്.

ലോസ്ഭയിൽ സംസ്ഥാന നിയമസഭകളിലും വനിതകൾക്ക് 33 ശതമാനം സംവരണം നടപ്പാക്കാൻ ഉദ്ദേശിച്ചുള്ളതാണ് ബിൽ. കഴിഞ്ഞ ദിവസം ലോക്സഭയിൽ 454 എംപിമാരാണ് ബില്ലിനെ അനുകൂലിച്ചത്. ലോക്സഭയിൽ പരമ്പരാഗതരീതിയിൽ ബാലറ്റ് പേപ്പർ ഉപയോഗിച്ച് വോട്ടെടുപ്പ് നടത്തിയാണ് അംഗീകാരം നൽകിയതെങ്കിൽ രാജ്യസഭയിൽ ഇലക്ട്രോണിക് സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് വോട്ടെടുപ്പ് നടത്തി ബിൽ പാസാക്കിയത്. പാർലമെന്റിന്റെ ഇരുസഭകളും ബിൽ പാസാക്കിയെടുത്തെങ്കിലും വനിതാസംവരണം നടപ്പിലാകാൻ ഏറെ കാത്തിരിക്കേണ്ടിവരും. മണ്ഡല പുനർനിർണയവും സെൻസസും നടത്തിയതിന് ശേഷമാകും ഇത് നടപ്പിലാകുക.

യാത്രയ്ക്കിടെ വിമാനത്തിന്റെ എമർജൻസി വാതിൽ തുറന്ന് പുറത്തേയ്ക്ക് ചാടാൻ ശ്രമം; യുവാവിനെ അറസ്റ്റ് ചെയ്തു

അഗർത്തല: യാത്രയ്ക്കിടെ, വിമാനത്തിന്റെ എമർജൻസി വാതിൽ തുറന്ന് പുറത്തേയ്ക്ക് ചാടാൻ യുവാവിന്റെ ശ്രമം. നൂറ് കണക്കിന് യാത്രക്കാരുടെ ജീവന് ഭീഷണി സൃഷ്ടിച്ച കേസിൽ 41കാരനായ ത്രിപുര സ്വദേശി ബിശ്വജിത്ത് ദേബത്തിനെ പൊലീസ് അറസ്റ്റ് ചെയ്തു.

ഗുവാഹത്തി– അഗർത്തല ഇൻഡിഗോ വിമാനത്തിലാണ് സംഭവം. യാത്രാമധ്യേ എമർജൻസി വാതിൽ തുറന്ന് പുറത്തേയ്ക്ക് ചാടാനാണ് യുവാവ് ശ്രമിച്ചത്. ഇത് കണ്ട് വിമാനത്തിലെ യാത്രക്കാരും ജീവനക്കാരും തടയാൻ ശ്രമിച്ചു. അതിനിടെ ജീവനക്കാരും യുവാവും തമ്മിൽ അടിപിടിയിൽ കലാശിച്ചതായും റിപ്പോർട്ടുകളുണ്ട്. വിമാനത്തിലെ നൂറ് കണക്കിന് യാത്രക്കാരുടെ ജീവന് ഭീഷണി സൃഷ്ടിച്ചതിന് 41കാരനെതിരെ അഗർത്തല എയർപോർട്ട് പൊലീസ് സ്റ്റേഷനാണ് കേസെടുത്തത്. ബിശ്വജിത്ത് ദേബത്തിനെ ഇന്ന് തന്നെ കോടതിയിൽ ഹാജരാക്കുമെന്ന് അഗർത്തല പൊലീസ് അറിയിച്ചു.തനിക്ക് വിഷാദ രോഗമുള്ളതായും യാത്രാമധ്യേ വിമാനത്തിന്റെ എമർജൻസി വാതിൽ തുറന്ന് പുറത്തേയ്ക്ക് ചാടാൻ ശ്രമിച്ചതായും യുവാവ് സമ്മതിച്ചതായി പൊലീസ് പറയുന്നു. സംഭവത്തിൽ പൊലീസ് വിശദമായി അന്വേഷണം നടത്തിവരികയാണ്.

മലയാളി മാധ്യമപ്രവർത്തകനും ആക്ടിവിസ്റ്റുകൾക്കുമെതിരെ കേസെടുത്ത് തെലങ്കാന പൊലിസ്

കോഴിക്കോട്: മലയാളി മാധ്യമപ്രവർത്തകനും മനുഷ്യാവകാശ പ്രവർത്തകർക്കുമെതിരെ തെലങ്കാന പൊലീസ് യു.എ.പി.എ കേസ് ചുമത്തിയതായി 'ഈനാട്' പത്രം റിപ്പോർട്ട് ചെയ്തു.

മുതിർന്ന മാധ്യമപ്രവർത്തകനും 'മലബാർ ജേർണൽ' എഡിറ്റർ ഇൻ ചീഫുമായ എറണാകുളം സ്വദേശി കെ.പി. സേതുനാഥ് അടക്കം ഏഴ് മലയാളികളെ കേസിൽ ഉൾപ്പെടുത്തിയതായാണ് വാർത്ത.

മാർക്സിസ്റ്റ് ചിന്തകനും എഴുത്തുകാരനുമായ കെ. മുരളി (അജിത്ത്), മനുഷ്യാവകാശ പ്രവർത്തകൻ സി.പി. റഷീദ്, സി.പി. ഇസ്മായിൽ, സി.പി. മൊയ്തീൻ (മലപ്പുറം), പ്രദീപ്, വർഗീസ് എന്നിവരാണ് പ്രതിപ്പട്ടികയിലുള്ള മലയാളികൾ.

സെപ്റ്റംബർ 15ന് സി.പി.ഐ (മാവോയിസ്റ്റ്) കേന്ദ്രകമ്മിറ്റി യംഗം സഞ്ജയ് ദീപക് റാവുവിനെ തെലങ്കാന പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. ഇതേ തുടർന്നാണ് 23 പേർക്കെതിരെ പുതിയ യു.എ.പി.എ കേസ് ചുമത്തിയതെന്ന് സെപ്റ്റംബർ 21ന് പ്രസിദ്ധീകരിച്ച വാർത്തയിൽ പറയുന്നു.

യു.എ.പി.എയുടെ സെക്ഷൻ 18 (ബി), 20 വകുപ്പുകളും തെലങ്കാന പൊതു സുരക്ഷാ നിയമവും ആയുധ നിയമത്തിന്റെ സെക്ഷൻ 25 പ്രകാരവുമാണ് കേസ്. കേസിൽ 'ഉയർന്ന മാവോയിസ്റ്റ് നേതാക്കൾ' എന്ന വിഭാഗത്തിൽ നമ്പല്ല കേശവ റാവു, മുപ്പല്ല ലക്ഷ്ൺ റാവു, മല്ലരാജ റെഡ്ഡഢി തുടങ്ങിയവരുടെ പേരുകൾക്കൊപ്പമാണ് കെ. മുരളിയുടെ പേരുള്ളത്. 'മറ്റ് നേതാക്കൾ' എന്ന വിഭാഗത്തിലാണ് സേതുനാഥിന്റെ ഉൾപ്പടെയുള്ള പേരുകളുള്ളത്. ബഹുജന സംഘടനകളുടെ നേതാക്കൾ എന്ന് വിശേഷിപ്പിച്ച് തെലങ്കാനയിലെ ചിലരുടെ പേരുകളും പ്രതിപ്പട്ടികയിലുണ്ട്.

'ഈനാട്' വാർത്ത പങ്കുവെച്ച്, തന്റെ പേര് യു.എ.പി.എ കേസിൽ വന്നതിനെക്കുറിച്ച് എഴുത്തുകാരനും പത്രപ്രവർത്തകനുമായ എൻ. വേണുഗോപാൽ ഫേസ്ബുക്കിൽ കുറിപ

കടം വീട്ടി ബ്ലാസ്റ്റേഴ്സ്; ബംഗളൂരുവിന് തോൽവി

ഗോൾ നേട്ടം ആഘോഷിക്കുന്ന ബ്ലാസ്റ്റേഴ്സ് ടീം

കൊച്ചി: കടങ്ങൾ വീട്ടിക്കൊണ്ട് ഐഎസ്എസ് സീസൺ ആരംഭിച്ച് കേരള ബ്ലാസ്റ്റേഴ്സ്. ബദ്ധവൈരികളായ ബംഗളൂരു എഫ്സിയെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തോൽപ്പിച്ചാണ് മഞ്ഞപ്പട കൊച്ചിയിൽ ഇരമ്പിക്കയറിയത്.

രണ്ടാം പകുതിയിലാണ് മൂന്ന് ഗോളുകളും പിറന്നത്. 52-ാം മിനിറ്റിൽ ബംഗളൂരു താരം കെസിയ വീൻഡോർപ്പിൻറെ ഓൺ ഗോളാണ് സമനിലയുടെ കെട്ട് പൊട്ടിച്ചത്. 59 -ാം മിനിറ്റിൽ കുന്തമുന അഡ്രിയാൻ ലൂണയിലൂടെ ബ്ലാസ്റ്റേഴ്സ് ലീഡ് ഉയർത്തി. മഞ്ഞപ്പട വിജയം ഉറപ്പിച്ച സമയത്താണ് ബംഗളൂരു ആദ്യ ഗോൾ കണ്ടെത്തിയത്.

ബോക്സിൽ ബ്ലാസ്റ്റേഴ്സ് താരങ്ങൾ വരുത്തിയ പിഴവ് മുതലാക്കി കുർട്ടിസ് മെയിൻ വല ചലിപ്പിക്കുകയായിരുന്നു. എന്നാൽ, പിന്നീട് സമർത്ഥമായി അവസാന വിസിൽ വരെ പിടിച്ച് നിന്ന് മഞ്ഞപ്പട വിജയം പേരിലാക്കി.

ബോൾ പൊസിഷനിലും പാസുകളുടെ എണ്ണത്തിലുമെല്ലാം ബംഗളൂരു എഫ്സിയാണ് മുന്നിൽ നിന്നതെങ്കിലും മികച്ച ഗോൾശ്രമങ്ങൾ നടത്തിയത് കൊച്ചിയിലെ മഞ്ഞപ്പട്ടാളമായിരുന്നു.

പരമ്പരാഗതമായ 4-4-2 ശൈലിയിലാണ് ബ്ലാസ്റ്റേഴ്സ് കളത്തിൽ ഇറങ്ങിയത്. പുതിയതായി ടീമിലെത്തിയ ഘാന സ്ട്രൈക്കർ ക്വാമേ പെപ്രയെയും ജപ്പാനീസ് താരം ഡയസൂക് സക്കായിയെയും മുന്നേറ്റ നിരയിൽ ഇറങ്ങി. മധ്യനിരയിൽ കളി മെനയാൻ ക്യാപ്റ്റൻ ലൂണയും മലയാളിതാരം മുഹമ്മദ് എയമെനും ജീക്സൺ സിങ്ങും അണിനിരന്നു.

ഗോൾ വലയ്ക്ക് കീഴിൽ മലയാളി താരം സച്ചിൻ സുരേഷിനായിരുന്നു ചുമതല. പ്രതിരോധ നിരയിലെ വിശ്വസ്തൻ ലെസ്കോവിച്ചും പരിക്ക് മൂലം വിട്ടുനിന്നപ്പോൾ ആദ്യമായി ടീമിലെത്തിയ മിലോസ് ഡ്രിൻകിക്കിനായിരുന്നു ബംഗളൂരു ആക്രമണങ്ങളുടെ മൂർച്ച തടുക്കാനുള്ള വലിയ ദൗത്യം ഉണ്ടായിരുന്നത്. 5-3-2 ശൈലിയിലാണ് ബംഗളൂരു ഇറങ്ങിയത്. കഴിഞ്ഞ സീസണിൽ ബ്ലാസ്റ്റേഴ്സിന്റെ നായകനായിരുന്ന ജെസൽ കർണെയ്റോയും ബംഗളൂരുവിൻറെ ആദ്യ ഇലവനിൽ ഇറങ്ങിയിരുന്നു.

ആദ്യ പകുതിയിൽ ബംഗളൂരു കളം പിടിച്ചെങ്കിലും മുന്നേറ്റ നിര താരം ശിവശക്തിക്ക് പന്ത് എത്തിക്കുന്നതിൽ പലപ്പോഴും പരാജയപ്പെട്ടു. മറുവശത്ത് ഡയസൂക്ക് സക്കായിയെ അൽപ്പം പിന്നിലേയ്ക്ക് ഇറക്കിയാണ് മഞ്ഞപ്പട കളിച്ചത്. അതുകൊണ്ട് തന്നെ ബോക്സിൽ അക്രമണം നയിക്കാൻ പെപ്ര ഒറ്റയ്ക്കായിരുന്നു. 26-ാം മിനിട്ടിൽ സക്കായിയുടെ മുന്നേറ്റം ബംഗളൂരു പ്രതിരോധം ഫൗളിലൂടെയാണ് തടഞ്ഞത്.

ബോക്സിന് തൊട്ട് പുറത്താണ് ഫൗൾ വന്നതെങ്കിലും ബ്ലാസ്റ്റേഴ്സ് താരങ്ങൾ പെനാൽറ്റിക്കായി മുറവിളി കൂട്ടി.

'അങ്ങനെ നീയിപ്പോ ഫ്രീകിക്ക് എടുക്കേണ്ട'; ചിരി പടർത്തി ലൂണ

ഐഎസ്എൽ പത്താം സീസണിലെ ആദ്യ മത്സരം ജയത്തോടെ തുടങ്ങിയിരിക്കുകയാണ് കേരള ബ്ലാസ്റ്റേഴ്സ്. സ്വന്തം തട്ടകമായ കൊച്ചിയിൽ ചിര വൈരികളായ ബംഗളൂരു എഫ്സിയെ ഒന്നിനെതിരെ രണ്ടു ഗോളിനാണ് ബ്ലാസ്റ്റേഴ്സ് കീഴടക്കിയത്. കഴിഞ്ഞ സീസണിന്റെ തുടർച്ചയെന്ന നിലയിൽ ഹൈ വോൾട്ടേജ് പോരിനാണ് കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയം സാക്ഷിയായത്.

അതിനിടെ, ചില ചിരിപ്പിക്കുന്ന മുഹൂർത്തങ്ങളും കളിയിലുണ്ടായി. ബംഗളൂരുവിന് ലഭിച്ച ഫ്രീകിക്ക് വേഗത്തിൽ എടുക്കാൻ ശ്രമിച്ചതിന് തടയിട്ട ലൂണയുടെ നീക്കമാണ് റഫറി രാഹുൽ കുമാർ ഗുപ്തയിൽ അടക്കം ചിരി പടർത്തിയത്.

കളിയുടെ 81-ാം മിനിറ്റിലായിരുന്നു സംഭവം. ബ്ലാസ്റ്റേഴ്സ് ബോക്സിന് ഏകദേശം മുപ്പതു വാര അകലെ വച്ച് ലൂന ബംഗളൂരു മിഡ്ഫീൽഡർ ഹാവി ഹെർണാണ്ടസിനെ വീഴ്ത്തുന്നു. തൊട്ടുപിന്നാലെ റഫറിയുടെ ഫൗൾ വിസിൽ. ഫ്രീകിക്ക് എടുക്കാൻ വന്ന ഹാവിക്ക് തൊട്ടുമുമ്പിൽ ലൂണ നിലയുറപ്പിച്ചു. കിക്ക് ഫ്രീക്ക് എടുക്കുന്നത് തടയുകയായിരുന്നു ലക്ഷ്യം. സംഭവം മനസ്സിലാക്കിയ റഫറി ചിരിച്ച് ലൂനയോട് പിന്നോട്ടു പോകാൻ ആവശ്യപ്പെട്ടു. ഹാവി ഹെർണാണ്ടസും ചിരിയിൽ പങ്കുകൊണ്ടു.

'ദിസ് ഈസ് ദ മോസ്റ്റ് ഐകോണിക് മൊമെൻറ് സൊ ഫാർ ഇൻ ദിസ് സീസൺ' എന്നാണ് കമൻറേറ്റർമാർ ഇതിനെ വിശേഷിപ്പിച്ചത്.

കഴിഞ്ഞ സീസണിൽ സമാനമായ സംഭവത്തിലാണ് സുനിൽ ഛേത്രി ബ്ലാസ്റ്റേഴ്സിനെതിരെ ഗോൾ നേടിയത്. ഗോൾ കീപ്പർ പ്രഭ്സുഖൻ ഗിൽ ഡിഫൻസീവ് മതിൽ സെറ്റ് ചെയ്യുന്നതിനിടെ ഛേത്രി പോസ്റ്റിലേക്ക് പന്തടിച്ചു കയറ്റുകയായിരുന്നു. റഫറി പന്തു മാർക്ക് ചെയ്തു വച്ചിന് ശേഷമായിരുന്നു ഛേത്രിയുടെ കിക്ക്. ഇതിൽ പ്രതിഷേധിച്ച് കേരള ബ്ലാസ്റ്റേഴ്സ് കളി മതിയാക്കാതെ മൈതാനം വിട്ടത് ഏറെ ചർച്ചയായിരുന്നു. സംഭവത്തിൽ കടുത്ത നടപടിയെടുത്ത അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ ടീമിന് നാലു കോടി രൂപ പിഴയും കോച്ച് ഇവാൻ വുകുമനോവിച്ചിന് പത്തു മത്സരങ്ങളിൽ വലക്കുമേർപ്പെടുത്തി. പഴയ പോരിന്റെ ഓർമയിൽ കോച്ചില്ലാതെയാണ് ആദ്യ മത്സരത്തിൽ ബ്ലാസ്റ്റേഴ്സ് ബംഗളൂരുവിനെ നേരിട്ടത്. ബംഗളൂരു പ്രതിരോധ താരം കെസിയ വീൻഡ്രോപിന്റെ ഓൺ ഗോളിലാണ് ബ്ലാസ്റ്റേഴ്സ് ആദ്യം മുമ്പിലെത്തിയത്. 69-ാം മിനിറ്റിൽ ഗോൾകീപ്പർ ഗുർപ്രീത് സന്ധുവിന്റെ പിഴവിൽനിന്ന് അഡ്രിയാൻ ലൂണ രണ്ടാം ഗോൾ നേടി. 90-ാം മിനിറ്റിൽ കുർടിസ് മെയ്ൻ ആണ് സന്ദർശകരുടെ ആശ്വാസ ഗോൾ കണ്ടെത്തിയത്.

ഫിഫ റാങ്കിംൽ ഒന്നാം സ്ഥാനം അരക്കിട്ടുറപ്പിച്ച് അർജൻറീന, ഇന്ത്യ ആദ്യ നൂറിൽ നിന്ന് പുറത്ത്

സൂറിച്ച്: ഫിഫ റാങ്കിംഗിൽ ഒന്നാം സ്ഥാനം നിലനിർത്തി ലോക ചാമ്പ്യൻമാരായാ അർജൻറീന. ലോകകപ്പ് യോഗ്യകാ പോരാട്ടങ്ങളിൽ ഇക്വഡോറിനെയും ബൊളീവിയയെയും തകർത്തതാണ് അർജൻറീനയുടെ ഒന്നാം സ്ഥാനം സുരക്ഷിതമാക്കിയത്.

രണ്ടാം സ്ഥാനത്തുള്ള ഫ്രാൻസ് സൗഹൃദ മത്സരത്തിൽ ജർമനിയോട് ഒന്നിനെതിരെ രണ്ട് ഗോളിന് തോറ്റതും അർജൻറീനക്ക് ഗുണകരമായി. ആദ്യ പത്ത് റാങ്കുകളിൽ മാറ്റമൊന്നുമില്ല.

ബ്രസീൽ മൂന്നാമതും ഇംഗ്ലണ്ട് നാലാമതും ബെൽജിയം അഞ്ചാമതും തുടരുന്നു. ക്രൊയേഷ്യ, നെതർലൻഡ്സ്, പോർച്ചുഗൽ, ഇറ്റലി സ്പെയിൻ എന്നിവരും ആദ്യ പത്തിലുണ്ട്. നാലു സ്ഥാനങ്ങൾ മെച്ചപ്പെടുത്തിയ ഓസ്ട്രിയ(25), ഹംഗറി(32) എന്നിവരാണ് റാങ്കിംഗിൽ നേട്ടമുണ്ടാക്കിയ മറ്റ് രണ്ട് ടീമുകൾ. സ്ലോവേനിയക്കും കസാഖിസ്ഥാനുമെതിരെ തോറ്റ നോർത്തേൺ അയർലൻഡാണ് റാങ്കിംഗിൽ ഏറ്റവും കൂടുതൽ നഷ്ടമുണ്ടായ ടീം. പത്ത് സ്ഥാനം താഴേക്കിറങ്ങിയ നോർത്തേൺ അയർലൻഡ് പുതിയ റാങ്കിംഗിൽ 74-ാം സ്ഥാനത്താണ്.

ഇന്ത്യ – ഓസ്ട്രലിയ ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം

ഇന്ത്യ ഓസ്ട്രലിയ ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം.

ഏകദിന ലോകകപ്പിനു മുൻപുള്ള 'ഡ്രസ് റിഹേഴ്സലായ' പരമ്പരയിലെ ആദ്യ മത്സരം കെ.എൽ രാഹുൽ നയിക്കും.

ഇന്ന് ഉച്ചക്ക് 1:30ന് മൊഹാലിയിലാണ് മത്സരം.

ക്യാപ്റ്റൻ രോഹിത് ശർമയ്ക്ക് വിശ്രമം അനുവദിച്ച ആദ്യ രണ്ടു മത്സരത്തിലും കെ.എൽ. രാഹുലിന്റെ നേതൃത്വത്തിലാണ് ഇന്ത്യൻ ടീം ഇറങ്ങുക. ഒന്നര വർഷത്തെ ഇടവേളക്ക് ശേഷം ആർ അശ്വിനും ടീമിലേക്ക് തിരിച്ചെത്തിയിട്ടുണ്ട്. രോഹിത്തിനു പുറമേ, വിരാട് കോലി, ഹാർദിക് പാണ്ഡ്യ എന്നിവരും ആദ്യ രണ്ടു മത്സരങ്ങൾക്കില്ല. എന്നാൽ മൂന്നാം ഏകദിനത്തിൽ ഇവർ മൂവരും ടീമിൽ തിരിച്ചെത്തും.

പാറ്റ് കമിൻസിന്റെ നേതൃത്വത്തിലുള്ള ഓസ്ട്രേലിയൻ ടീം ഏകദിന ലോകകപ്പിനുള്ള അതേ സ്ക്വാഡുമായാണ് പരമ്പരയ്ക്ക് ഇറങ്ങുന്നത്. ഏകദിന ലോകകപ്പിനുള്ള ഇന്ത്യൻ ടീം പ്രഖ്യാപിച്ചെങ്കിലും അന്തിമ ടീം ലിസ്റ്റ് സമർപ്പിക്കാൻ ഇനിയും സമയം ഉള്ളതിനാൽ ഫൈനൽ സ്ക്വാഡിലേക്കുള്ള അവസാന ഘട്ട സെലക്ഷൻ ട്രയൽസിനു കൂടി പരമ്പര വേദിയാകും. 24ന് ഇൻഡോറിലും 27ന് രാജ്കോട്ടിലുമാണ് പരമ്പരയിലെ അടുത്ത രണ്ടു മത്സരങ്ങൾ.

ഏഷ്യൻ ഗെയിംസ്; ബംഗ്ലാദേശിനെ തകർത്ത് ഇന്ത്യ

ഹാങ്ഷു: ഏഷ്യൻ ഗെയിംസ് ഫുട്ബോളിൽ ഇന്ത്യക്ക് വിജയം. ആദ്യ പോരാട്ടത്തിൽ ചൈനയോടു വമ്പൻ പരാജയം ഏറ്റുവാങ്ങിയ ഇന്ത്യ രണ്ടാം മത്സരത്തിൽ ബംഗ്ലാദേശിനെ വീഴ്ത്തി. മറുപടിയില്ലാത്ത ഒറ്റ ഗോളിനാണ് ഇന്ത്യ വിജയം സ്വന്തമാക്കിയത്. ജയത്തോടെ ഇന്ത്യ നോക്കൗട്ട് പ്രതീക്ഷ സജീവമായി തന്നെ നിലനിർത്തി.

കളിയുടെ അവസാന ഘട്ടത്തിൽ ലഭിച്ച പെനാൽറ്റി വലയിലാക്കി ക്യാപ്റ്റൻ സുനിൽ ഛേത്രിയാണ് ഇന്ത്യയുടെ വിജയ ഗോൾ നേടിയത്. ആദ്യ മത്സരത്തിൽ ആതിഥേയരായ ചൈനയോടു ഒന്നിനെതിരെ അഞ്ച് ഗോളുകൾക്കാണ് ഇന്ത്യ പരാജയപ്പെട്ടത്.മികച്ച പ്രകടനമാണ് ഇന്ത്യ ബംഗ്ലാദേശിനെതിരെ പുറത്തെടുത്തത്. മത്സരത്തിലേക്ക് ബംഗ്ലാദേശ് വന്നത് പതുക്കെയാണ്. കിട്ടിയ അവസരം മുതലാക്കാൻ അവർ ശ്രമിച്ചെങ്കിൽ ഇന്ത്യൻ പ്രതിരോധം ആടിയുലയാതെ നിന്നു.

ആദ്യ പകുതി തീരാൻ നിമിഷങ്ങൾ മാത്രമുള്ളപ്പോൾ ഇന്ത്യ തുടരെ ആക്രമണം നടത്തിയത്. ഛേത്രിയും ആദ്യ കളിയിൽ ഇന്ത്യയുടെ ആശ്വാസ ഗോൾ കണ്ടെത്തിയ മലയാളി താരം രാഹുൽ കെപിയും ഗോൾ വലയിലാക്കാൻ ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല.

രണ്ടാം പകുതിയുടെ തുടക്കത്തിലും രാഹുലിനു അവസരം ലഭിച്ചു. എന്നാൽ അതും ലക്ഷ്യം കണ്ടില്ല. ഒടുവിൽ 85ാം മിനിറ്റിൽ ഛേത്രിയുടെ വിജയ ഗോൾ പെനാൽറ്റി രൂപത്തിൽ എത്തി.

പരിക്കേറ്റ നസീം ഷാ ഇല്ല; ലോകകപ്പ് ടീമിനെ പ്രഖ്യാപിച്ച് പാകിസ്താൻ

ഇസ്ലാമാബാദ്: ഇന്ത്യയിൽ നടക്കുന്ന ലോകകപ്പിനുള്ള പാകിസ്താൻ ടീമിനെ പ്രഖ്യാപിച്ചു. വെള്ളിയാഴ്ച പാകിസ്താൻ ക്രിക്കറ്റ് ബോർഡാണ് ടീമിനെ പ്രഖ്യാപിച്ചത്.ഏഷ്യാ കപ്പിനിടെ തോളിന് പരിക്കേറ്റ പേസർ നസീം ഷാ 15 അംഗ ടീമിലില്ല.

നസീമിന് പകരം വെറ്ററൻ പേസർ ഹസൻ അലിയെ ടീമിൽ ഉൾപ്പെടുത്തി. ബാബർ അസം നയിക്കുന്ന ടീമിൽ ഷദാബ് ഖാനാണ് വൈസ് ക്യാപ്റ്റൻ.ഏഷ്യാ കപ്പിൽ ഇന്ത്യയ്ക്കെതിരായ സൂപ്പർ ഫോർ മത്സരത്തിനിടെ പരിക്കേറ്റതിനെ തുടർന്നാണ് നസീമിന് ടീമിൽ നിന്ന് പിന്മാറേണ്ടി വന്നത്. സമീപകാലത്ത് മികച്ച പ്രകടനം പുറത്തെടുത്ത നസീമിന്റെ അഭാവം ടീമിന് വലിയ തിരിച്ചടിയാണ്.

പാകിസ്താൻ ലോകകപ്പ് ടീം: ബാബർ അസം (ക്യാപ്റ്റൻ), ഷദാബ് ഖാൻ, ഫഖർ സമാൻ, ഇമാം ഉൾ ഹഖ്, അബ്ദുല്ല ഷഫീഖ്, മുഹമ്മദ് റിസ്വാൻ, സൗദ് ഷക്കീൽ, ഇഫ്തിഖർ അഹമ്മദ്, സൽമാൻ അലി അഗ, മുഹമ്മദ് നവാസ്, ഉസാമ മിർ, ഹാരിസ് റൗഫ്, ഹസൻ അലി, ഷഹീൻ അഫ്രീദി, മുഹമ്മദ് വസീം.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.